**നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനങ്ങളിലെ പ്രതിസന്ധി

മി. ചെയർമാൻ: ത്രിതല പഞ്ചായത്തുകളുടെ 2023-24 സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കൽതുക യഥാസമയം അനുവദിക്കാതെ സ്പിൽ ഓവറാക്കി തിരിച്ചു പിടിക്കുകയും, 2021-22 മുതലുള്ള സ്പിൽ ഓവർ തുക അനുവദിക്കാത്ത സർക്കാർ നടപടിമൂലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിപ്രവർത്തനം പ്രതിസന്ധിയിലായതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. ടി. സിദ്ദിഖ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, സഭ നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഉപക്ഷേപത്തിന് ആധാരമായി ഉന്നയിച്ചിട്ടുള്ള പ്രശ്നം നേരത്തെ ഈ സമ്മേളനത്തിൽ ഉന്നയിക്കപ്പെട്ടിട്ടുള്ളതാണ്. 20-06-

2024-ൽ ബഹുമാനപ്പെട്ട അംഗം ശ്രീ. ടി. വി. ഇബ്രാഹിം, സബ്മിഷനായി സഭയിൽ അവതരിപ്പിച്ചിട്ടുള്ളതും സാമാന്യം വിശദമായിത്തന്നെ മറുപടി പറഞ്ഞിട്ടുള്ളതുമാണ്. മാത്രവുമല്ല, നക്ഷത്രച്ചിഹ്നമിടാത്ത ചോദ്യമായി സഭയിൽ വന്നിട്ടുള്ള വിഷയവുമാണ്. കേരളത്തിനുമേൽ കടുത്ത സാമ്പത്തിക പ്രതിസന്ധി അടിച്ചേൽപ്പിച്ച ഒരു സാഹചര്യത്തിലൂടെയാണ് നാം കടന്നുപോകുന്നത്. അത് ഈ സഭയിൽ എത്രയോ തവണ വിശദീകരിച്ചിട്ടുള്ളതും ചർച്ച ചെയ്തിട്ടുള്ളതുമാണ്. ഒരു സന്ദർഭത്തിൽ കേന്ദ്ര സർക്കാരിന്റെ ശത്രുതാപരമായ സമീപനംമൂലം കേരളത്തിന്റെ സാമ്പത്തിക രംഗത്തുണ്ടായ ഗുരുതര സാഹചര്യത്തെക്കുറിച്ച് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ചട്ടം 300 അനുസരിച്ച് സ്റ്റേറ്റ്മെന്റുതന്നെ അവതരിപ്പിച്ചിട്ടുള്ളതാണ്. ആ സാഹചര്യം ഇപ്പോഴും തുടരുകയാണ്. കേന്ദ്രസർക്കാർ ഡിവിസിബിൾ പൂളിൽനിന്നുള്ള നികുതിവിഹിതം ഗണ്യമായി വെട്ടിക്കുറച്ചിട്ടുണ്ട്. പല തവണ വ്യക്തമാക്കിയിട്ടുള്ള ആ കണക്കുകൾ വീണ്ടും ആവർത്തിക്കുന്നില്ല. ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കി, റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് നിർത്തലാക്കി, ഏറ്റവുമൊടുവിൽ കേരളത്തിന്റെ കഴുത്തിന് പിടിക്കുന്ന നിലയിൽ

ജി.ഡി.പി.യുടെ 3 ശതമാനമെന്ന ഫിസ്കൽ റെസ്പോൺസിബിലിറ്റി ആക്ട് പ്രകാരം അനുവദനീയമായ വായ്പാപരിധിപോലും അനുവദിക്കുന്നില്ല. ഇത്തരമൊരു അസാധാരണമായ സാഹചര്യമാണ്, പ്രത്യേകിച്ച് 2021-നുശേഷം കേരളം അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നത്. അതിന്റെ ഫലമായി ചില ബുദ്ധിമുട്ടുകൾ നമ്മൾ എല്ലാ രംഗങ്ങളിലും നേരിടുന്നുണ്ട്. സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതിയിലുണ്ടായ പ്രയാസങ്ങളുടെ ഫലമായി തദ്ദേശസ്ഥാപനങ്ങൾക്കുള്ള വികസനഫണ്ടിന്റെയും മെയിന്റനൻസ് ഗ്രാന്റിന്റെയും അവസാന ഗഡുക്കളും ജനറൽ പർപ്പസ് ഫണ്ടിന്റെ അവസാന 3 ഗഡുക്കളും 2024 മാർച്ച് മാസത്തിലാണ് അനുവദിച്ചത്. ഞാൻ ആമുഖമായി സൂചിപ്പിച്ച കടുത്ത സാമ്പത്തിക പ്രയാസങ്ങൾമൂലം ഏർപ്പെടുത്തേണ്ടിവന്നിട്ടുള്ള സ്വാഭാവികമായ നിയന്ത്രണങ്ങളുടെ ഫലമായി സാമ്പത്തികവർഷത്തിന്റെ അവസാനം ട്രഷറിയിൽ സമർപ്പിച്ച തദ്ദേശ സ്ഥാപനങ്ങളുടെ ബില്ലുകളിൽ ചിലത് സാമ്പത്തികവർഷം അവസാനിക്കുന്നതിനുമുമ്പ് മാറാൻ കഴിഞ്ഞിട്ടില്ലെന്നതും ഒരു വസ്തുതയാണ്. ഇപ്പോഴത് മാറിക്കൊണ്ടിരിക്കുകയാണ്. 31-3-2024-ലെ സാമ്പത്തിക വർഷാവസാനത്തെ

കണക്കുകൾപ്രകാരം മാറിനൽകാൻ സാധിക്കാതിരുന്ന 1015 കോടി രൂപയുടെ ബില്ലുകൾ ട്രഷറി ക്യൂവിലേയ്ക്ക് മാറ്റിയിട്ടുണ്ടായിരുന്നു. അതിപ്പോൾ മാറിക്കൊണ്ടിരിക്കുന്നു. നിലവിൽ 20 ശതമാനം ക്യാരി ഓവർ തദ്ദേശ സ്ഥാപനങ്ങൾക്ക് അനുവദിച്ചുവരുന്നുണ്ട്. എന്നാൽ 2023-24 സാമ്പത്തികവർഷത്തെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 2023-24 സാമ്പത്തിക വർഷം ട്രഷറി ക്യൂവിലായിട്ടുള്ള തുക അല്ലെങ്കിൽ 20 ശതമാനം ക്യാരി ഓവർ, ഇതിൽ ഏതാണോ അധികമായത് അത് 2024-25 സാമ്പത്തിക വർഷം ക്യാരി ഓവറായി അനുവദിക്കുന്നതിന്റെ സാധ്യത, സർക്കാരിന്റെ ഈ സാമ്പത്തിക സ്ഥിതിയെല്ലാം കണക്കിലെടുത്ത് പരിശോധിച്ചുവരികയാണ്. 09-04-2024-ലെ സർക്കാർ ഉത്തരവുപ്രകാരം 2024-25 സാമ്പത്തികവർഷം വികസന ഫണ്ടിന്റെ ആദ്യഗഡുവിനത്തിൽ 1,904 കോടി രൂപയും 15-04-2024-ലെ ധനകാര്യ വകുപ്പിന്റെ ഉത്തരവുപ്രകാരം മെയിന്റനൻസ് ഗ്രാന്റിന്റെ ആദ്യഗഡുവായി 1,377 കോടി രൂപയും തദ്ദേശ സ്ഥാപനങ്ങൾക്ക് ഈ സാമ്പത്തിക വർഷം ഇതിനോടകം അനുവദിച്ചുകഴിഞ്ഞിട്ടുണ്ട്. രണ്ട്

തുകകളുംകൂടി ചേർത്താൽ ഏതാണ്ട് മൂവായിരത്തിലധികം കോടി രൂപയാണ് വരുന്നത്. വർഷാവസാനം ട്രഷറിയിൽ ഏർപ്പെടുത്തേണ്ടിവന്ന നിയന്ത്രണങ്ങൾമൂലം തദ്ദേശ സ്ഥാപനങ്ങൾക്കുണ്ടായിട്ടുള്ള പ്രയാസങ്ങൾ ലഘൂകരിക്കുന്നതിനുള്ള നടപടികളാണ് ആത്മാർത്ഥമായി സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

2015-16 സാമ്പത്തിക വർഷംമുതലാണ് ചിട്ടയായ ഒരു ധനകാര്യ മാനേജ്മെന്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി നടപ്പാക്കി തുടങ്ങിയത്. അതുപ്രകാരം കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നുതന്നെ തദ്ദേശസ്വയംഭരണ സർക്കാരുകൾ ബില്ലുപയോഗിച്ച് തുക പിൻവലിച്ച് ചെലവഴിക്കുന്ന സുതാര്യമായൊരു സംവിധാനം നിലവിൽവന്നു. അതിനുമുമ്പ് 8448 എന്ന ഒരു ഡെപ്പോസിറ്റ് ഹെഡ്ഡിനുകീഴിലെ തദ്ദേശസ്വയംഭരണ സർക്കാരുകൾക്കായിട്ടുള്ള സബ് ഹെഡ്ഡുകളിലേയ്ക്ക് തുക മാറ്റിയിടുന്ന രീതിയാണുണ്ടായിരുന്നത്. അതുകൊണ്ടുതന്നെ അക്കാലത്ത് തുക മാറ്റിയാലുടൻ സർക്കാരിനെ സംബന്ധിച്ച് ചെലവായി കണക്കാക്കപ്പെട്ടിരുന്നു. എന്നാൽ യഥാർത്ഥത്തിൽ പൂർണ്ണമായ തുകയ്ക്കുള്ള ചെലവ് സംഭവിച്ചിരുന്നുമില്ല. എന്നാൽ ഇന്ന് ശരിയായ ചെലവുമാത്രം

കാണിക്കുകയും കൃത്യ സമയത്ത് പദ്ധതി നടപ്പാക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇൻസെന്റീവ് നൽകുകയുംചെയ്യുന്ന ഒരു സംവിധാനമാണുള്ളത്. കൃത്യമായി പദ്ധതികൾ പൂർത്തിയാക്കുന്നതിന് വിവിധ തലങ്ങളിൽ സാങ്കേതിക സഹായങ്ങൾ നൽകുന്നുണ്ട്. തദ്ദേശ സർക്കാരുകളുടെ കാര്യത്തിൽ യഥാസമയം ഫണ്ട് നൽകുന്നതുൾപ്പെടെ എല്ലാ കാര്യങ്ങളിലും ആത്മാർത്ഥമായ സമീപനമാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. വളരെ ദുഷ്കരമായിട്ടുള്ള സാമ്പത്തിക സാഹചര്യത്തിൽപ്പോലും തദ്ദേശ സ്ഥാപനങ്ങൾക്കുള്ള വിഹിതത്തിലോ വികസന പ്രവർത്തനങ്ങളിലോ ക്ഷേമ പ്രവർത്തനങ്ങളിലോ ഒന്നും കുറവ് വരുത്താതിരിക്കാൻ സംസ്ഥാനം കഠിനമായി പരിശ്രമിച്ചിട്ടുണ്ട്. 2010-11-ൽ സംസ്ഥാന ബജറ്റിന്റെ 20.45 ശതമാനവും 2016-17-ൽ 22.92 ശതമാനവുമാണ് തദ്ദേശ സ്ഥാനങ്ങൾക്ക് സർക്കാർ നൽകിയിരുന്നത്. 2010-11-ൽ, അതായത് യു.ഡി.എഫ്. സർക്കാരിന്റെ ആദ്യ വർഷം, 20.45 ശതമാനം. അത് 2016-17 ആയപ്പോൾ ബജറ്റിന്റെ 22.92 ശതമാനമായി വർദ്ധിച്ചു. 2017-18-ൽ 23.5 ശതമാനമായി, തുടർന്ന് ധനകാര്യ കമ്മീഷന്റെ ശിപാർശ അംഗീകരിച്ചുകൊണ്ട് ഓരോ

വർഷവും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതം 0.50 ശതമാനമായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചു. ഈ കടുത്ത പ്രതിസന്ധികളിലൂടെയെല്ലാം കടന്നുപോയപ്പോഴും അതിൽ വെള്ളം ചേർക്കാനോ പിന്നോക്കം പോകാനോ സർക്കാർ തയ്യാറായിട്ടില്ല. ആ തുക വർദ്ധിപ്പിച്ചുകൊണ്ടേയിരുന്നു. 2023-24-ൽ 27.19 ശതമാനമായും 2024-25-ൽ 28.09 ശതമാനമായും സർക്കാർ വിഹിതം വർദ്ധിപ്പിച്ചു. എന്നാൽ സഭയിൽ കഴിഞ്ഞ ദിവസം സബ്മിഷനുള്ള മറുപടിയായും കൂടാതെ മറ്റുപല സന്ദർഭങ്ങളിലും കേന്ദ്ര സർക്കാർ സ്വീകരിക്കുന്ന നിലപാടുകളെപ്പറ്റി ചൂണ്ടിക്കാണിച്ചിരുന്നു. അത് നമ്മളെല്ലാം ഗൗരവത്തോടെ കാണേണ്ട കാര്യമാണ്. ഞാനിതിനെ ഒരു കക്ഷി രാഷ്ട്രീയ പ്രശ്നമായി കാണാൻ ആഗ്രഹിക്കുന്നില്ല. കാരണം തദ്ദേശഭരണ സ്ഥാപനങ്ങളിൽ 40 ശതമാനത്തോളവും യു.ഡി.എഫ്. ഭരിക്കുന്നവയാണ്. പതിനാലാം ധനകാര്യകമ്മീഷന്റെ ഗ്രാന്റ് വിഹിതത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചെലവഴിക്കാത്ത തുകയുടെ ബാലൻസ് 10 ശതമാനത്തിൽ അധികരിക്കാൻ പാടില്ലെന്ന വ്യവസ്ഥ അവസാനനിമിഷം അടിച്ചേൽപ്പിച്ചുകൊണ്ട് പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ഗ്രാന്റ് പിടിച്ചുവയ്ക്കുന്ന സ്ഥിതിയുണ്ടായി. ഇത്

ധനകാര്യകമ്മീഷൻ ശിപാർശയിൽ പറഞ്ഞിട്ടുള്ളതല്ല. കേന്ദ്ര ഗവൺമെന്റ് പുറത്തിറക്കിയ അതിന്റെ ഓപ്പറേഷണൽ ഗൈഡ്‌ലൈനിൽ പറഞ്ഞിട്ടുള്ളതല്ല. ഇതൊന്നുമില്ലാത്ത ഒരു വ്യവസ്ഥ അവസാനനിമിഷം അടിച്ചേല്പിക്കുകയും അതിന്റെ പേരിൽ പതിനഞ്ചാം ധനകാര്യകമ്മീഷന്റെ ഗ്രാന്റ് നമുക്ക് നൽകാതെ പിടിച്ചുവയ്ക്കുകയും ചെയ്യുന്ന സ്ഥിതിയുണ്ടായി. മാത്രമല്ല കഴിഞ്ഞദിവസം സഭയിൽ പറഞ്ഞതാണ്, സംസ്ഥാനത്തിന്റെ ആഭ്യന്തര വളർച്ചാനിരക്കിന്റെ, ജി.ഡി.പി. വളർച്ചാനിരക്കിന്റെ ആനുപാതികമായിട്ടുള്ള വളർച്ചാനിരക്ക് തദ്ദേശസ്ഥാപനങ്ങളുടെ തനത് നികുതി വരുമാനത്തിലുണ്ടായില്ല എന്നതിന്റെ പേരിൽ കേരളത്തിലെ 24 നഗരസഭകൾക്ക് ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിൽ ഒരു രൂപ പോലും കേന്ദ്രം അനുവദിച്ചിട്ടില്ല. നമ്മൾ ഒരുമിച്ച് ഏറ്റെടുക്കേണ്ട പ്രശ്നമല്ലേ ഇത്. പൊതുവായി കേന്ദ്രസർക്കാർ ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെ കാര്യത്തിൽ കാണിക്കുന്ന ഈ വിവേചനം, ആ 24 നഗരസഭകളിൽ മലപ്പുറം ജില്ലയിലെ തിരൂർ, വളാഞ്ചേരിയും, മഞ്ചേരിയും ഒക്കെ ഉൾപ്പെടുന്നുവെന്ന കാര്യം നേരത്തെ ചൂണ്ടികാണിച്ചതാണ്. 2 കേർപ്പറേഷനുകളും അതിൽ ഉൾപ്പെടുന്നുണ്ട്. ഇങ്ങനെയൊരു സാഹചര്യംകൂടി

നമ്മൾ കാണണം. ഈ ശത്രുതാപരമായിട്ടുള്ള മനോഭാവം, പൊതുവിൽ കേരളത്തോട് കാണിക്കുന്ന ശത്രുതാപരമായ മനോഭാവമാണ് സംസ്ഥാനത്തെ ഈ പ്രതിസന്ധിയിലേയ്ക്ക് എത്തിച്ചിട്ടുള്ളത്. തദ്ദേശസ്ഥാപനങ്ങളോട് പ്രത്യേകമായി ഒരു ശത്രുതാപരമായിട്ടുള്ള സമീപനമാണ് ഫിനാൻസ് കമ്മീഷൻ ഗ്രാന്റിന്റെയൊക്കെ കാര്യത്തിൽ കേന്ദ്ര ഗവൺമെന്റ് കാണിക്കുന്നുവെന്നത് നമ്മൾ ഇരുകൂട്ടരും ഗൗരവമായിട്ട് കാണേണ്ട ഒന്നാണ്. മാത്രമല്ല ഇപ്പോൾ സംസ്ഥാന സർക്കാരിനെ മറികടന്ന്  നേരിട്ട് തദ്ദേശസ്ഥാപനങ്ങൾക്ക് ഫണ്ട് കൊടുക്കുന്നതിനുമൊക്കെയുള്ള നീക്കമാണ് നടക്കുന്നത്. ആ നിലയിൽ അതിനെ നിയന്ത്രിക്കുന്നതിനുള്ള നീക്കംകൂടി കേന്ദ്ര ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുകയാണ്. വിഭവസമാഹരണത്തിന്റെ എല്ലാ മാർഗ്ഗങ്ങളും പൂർണ്ണമായിട്ടും അടയ്ക്കാൻ നോക്കിയിട്ടും പൊതുആവശ്യ ഫണ്ടിന്റെ അവസാന മൂന്ന് ഗഡുക്കളും മെയിന്റനൻസ് ഗ്രാണ്ടിന്റെ അവസാന ഒരു ഗഡുവിന്റെയും വിതരണം മാത്രമാണ് 2023-24-ൽ മാർച്ചിലേയ്ക്ക് മാറ്റി വയ്ക്കേണ്ടിവന്നത്. ബാക്കിയെല്ലാം അതിനുമുമ്പുതന്നെ കൊടുത്തുതീർക്കുകയുണ്ടായി. കഴിഞ്ഞ സാമ്പത്തികവർഷാവസാനം അനുവദിച്ച ഗ്യാപ്പ് ഫണ്ടായ 15 കോടി രൂപ

തദ്ദേശസ്ഥാപനങ്ങൾക്ക് വേണ്ടവിധം വിനിയോഗിക്കാൻ കഴിഞ്ഞില്ല എന്നതുകൊണ്ട് 2024 മേയ് മാസം അത് പുനരനുവദിച്ചു. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ആദ്യവർഷം അനുവദിച്ച ഫണ്ടിൽ ഉപയോഗിക്കാതെ തദ്ദേശസ്ഥാപനങ്ങൾ മടക്കിയ തുക, രണ്ടുപ്രാവശ്യം പുനരനുവദിച്ച ശേഷവും ബാക്കിവന്ന 339.88 കോടി രൂപയുടെ 50 ശതമാനം 169.94 കോടി രൂപ ഈ മാസം വീണ്ടും അനുവദിക്കുകയുണ്ടായി. 2024-25 സാമ്പത്തികവർഷത്തെ 2 ഗഡു പൊതു ആവശ്യഫണ്ടും ഏപ്രിൽ, മേയ് മാസങ്ങളിലേത് 421.02 കോടി രൂപ, വികസന ഫണ്ടിന്റെ ഒരു ഗഡു 1904 കോടി രൂപ, സംരക്ഷണ ഫണ്ടിന്റെ ഒരു ഗഡു 1377.06 കോടി രൂപ ഇത്രയും ഈ സാമ്പത്തികവർഷം അനുവദിച്ചുകഴിഞ്ഞു. ഇതിന്റെ രണ്ടാമത്തെ ഗഡു അനുവദിക്കേണ്ടത് ജൂലൈ മാസത്തിലാണ്. അതുകൃത്യമായി നൽകുകതന്നെ ചെയ്യുമെന്ന് ഈ സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്. ചുരുക്കി പറഞ്ഞാൽ, നടപ്പ് സാമ്പത്തികവർഷത്തിന്റെ ആദ്യത്തെ മൂന്ന് മാസങ്ങളിൽതന്നെ 3887.02 കോടി രൂപ തദ്ദേശസ്ഥാപനങ്ങൾക്ക് അനുവദിച്ചുകഴിഞ്ഞു. ഇതെല്ലാം സംസ്ഥാന സർക്കാർ തദ്ദേശസ്ഥാപനങ്ങളോട് കാണിക്കുന്ന ആത്മാർത്ഥമായ

സമീപനത്തിന്റെ ഉദാഹരണമാണ്. അതുകൊണ്ടുതന്നെ സഭ നിർത്തിവച്ച് ഈ പ്രശ്നം ചർച്ചചെയ്യേണ്ടതില്ല എന്നാണ് പറയാനുള്ളത്.

ശ്രീ. ടി. സിദ്ദിഖ്: സർ, ബഹുമാനപ്പെട്ട മന്ത്രി തന്നെ ഇതിന്റെ ഗൗരവതരമായ സാഹചര്യം ഇവിടെ വ്യക്തമായി സൂചിപ്പിക്കുകയും അത് ഉൾക്കൊണ്ടുകൊണ്ടുമാണ് അദ്ദേഹം സംസാരിച്ചിട്ടുള്ളത്. ഇതിന്റെ പ്രാധാന്യം എത്രത്തോളം ഉണ്ടെന്നുള്ളത് സബ്മിഷനും മറ്റുകാര്യങ്ങളുമൊക്കെ സൂചിപ്പിച്ചെങ്കിലും അതീവ ഗൗരവതരമായ സാഹചര്യമാണെന്ന് അദ്ദേഹം തന്നെ സമ്മതിക്കുന്നതായ സംസാരമാണ് ഇവിടെ നടന്നത്. ആയിരക്കണക്കിനു തൃതല പഞ്ചായത്ത് മെമ്പർമാർ, നമ്മുടെ തൃതല പഞ്ചായത്ത് സംവിധാനം, നമ്മുടെ ജനപ്രതിനിധികൾ, ലക്ഷോപലക്ഷം ജനങ്ങൾ, അതിന്റെ മുഴുവൻ സമ്മർദ്ദം വരുന്നതായിരിക്കുന്ന എം.എൽ.എ.-മാർ ഇവരുടെ എല്ലാവരുടെയും ശബ്ദമാണ് ഈ അസംബ്ലിയിൽ ഇപ്പോൾ ചർച്ചചെയ്യാൻ ആഗ്രഹിക്കുന്നത്. നമ്മുടെ രാജ്യം കോ-ഓപ്പറേറ്റീവ് ഫെഡറലിസം നിലനിൽക്കുന്ന രാജ്യമാണ്. സെൻട്രൽ ഗവൺമെന്റും സ്റ്റേറ്റ് ഗവൺമെന്റും ലോക്കൽ ബോഡീസും ഇത് മൂന്നും ചേർന്ന് കൊണ്ടുള്ളതായിരിക്കുന്ന ഭരണസംവിധാനം നിലനിൽക്കുന്നതായിരിക്കുന്ന രാജ്യമാണ്. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രത്യേകിച്ചും ഇപ്പോഴുള്ള സാഹചര്യങ്ങളിൽ

പ്രാദേശിക സർക്കാരുകളെ അസ്ഥിരപ്പെടുത്താനുള്ള നടപടികളും അവരുടെ അധികാരങ്ങൾ ഇടയ്ക്കിടക്ക് കവർന്നെടുക്കലും അവസാനം പദ്ധതി വിഹിതംപോലും നൽകാതെ അവയെ വീർപ്പുമുട്ടിക്കുന്ന അതീവ ഗൗരവതരമായ സാഹചര്യം നിലനിൽക്കുകയാണ്. ഞാൻ ഒരു ഉത്തരവ് ഇവിടെ വായിക്കാം. 08-04-2024-ൽ സംസ്ഥാന ഗവൺമെന്റ് ഇറക്കിയ ഉത്തരവാണ്. "നിശ്ചിത സമയപരിധിക്കുള്ളിലെ ട്രഷറികളിൽ സമർപ്പിക്കുകയും എന്നാൽ 2023-24 സാമ്പത്തികവർഷത്തിൽ പാസ്സാക്കുവാൻ കഴിയാതിരുന്നതുമായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വിവിധ സർക്കാർ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും ബില്ലുകൾ പുതുക്കിയ ഭരണാനുമതികൂടാതെ തന്നെ നടപ്പ് സാമ്പത്തികവർഷത്തെ ബജറ്റ് വിഹിതത്തിൽനിന്നും മാറിനൽകാവുന്നതാണ്." കഴിഞ്ഞവർഷം നൽകേണ്ടതായിരിക്കുന്ന തുക അനുവദിക്കേണ്ടതായിരിക്കുന്ന ബില്ലുകൾ ഈ വർഷത്തെ ബജറ്റ് വിഹിതത്തിൽ നിന്നു നൽകുകയെന്ന് പറഞ്ഞാൽ അതിനർത്ഥം അവരുടെ ഈ വർഷത്തെ ബജറ്റില്ലാതെ കഴിഞ്ഞ വർഷത്തേത് മുടങ്ങി, ഈ വർഷത്തേത് മുടങ്ങുന്നു, അതീവ ഗുരുതരമായിട്ടുള്ള സാഹചര്യം ഇവിടെ നിലനിൽക്കുകയാണ്. ഒരുകാര്യം നിങ്ങൾ ആലോചിക്കണം സർക്കാർ പ്രഖ്യാപിക്കും, ഞങ്ങൾ ഫണ്ട് അനുവദിച്ചിരിക്കുന്നു. അനുവദിക്കുന്ന ഫണ്ട്

ഏതുസമയത്താണ് ലഭിക്കുന്നത്. യഥാസമയത്ത് നൽകേണ്ടത് സമയത്ത് നൽകില്ല. അവസാനം മാർച്ച് മാസത്തേക്ക് അത് മാറ്റിവെയ്ക്കും. ട്രഷറികൾക്ക് പലസമയത്തും നിയന്ത്രണം ഉണ്ടാകും. ഇവർക്ക് ഒരു കാര്യവും ചെയ്യാൻ സാധിക്കുന്നില്ല. അവസാനം ഇതിന്റെ മുഴുവൻ പാപഭാരവും പേറുന്നതാരാണ്? തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പൊതുമധ്യത്തിൽ അവഹേളിതരായി അപമാനിതരായി അവർക്ക് പ്രവർത്തിക്കാൻ കഴിയാത്തതായ ഗുരുതരമായ സാഹചര്യമാണ്. പ്രാദേശികവികസനം സ്തംഭിക്കുന്നുവെന്നുള്ളത് മാത്രമല്ല, ദുർബലവിഭാഗങ്ങളായിട്ടുള്ള, എസ്.സി./എസ്.ടി. വിഭാഗത്തിന്റെ പ്രവർത്തനങ്ങൾപോലും വഴിമുട്ടുന്ന അതീവ ഗുരുതരമായിട്ടുള്ള സാഹചര്യം നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുകയാണ്. 2017-18-ൽ ഈ സംസ്ഥാനത്ത് ചെലവഴിച്ചതായിരിക്കുന്ന പ്രദേശിക സർക്കാരുകൾ ചെലവഴിച്ച തുക 5292 കോടി രൂപയാണ്. 2023-24-ൽ അത് 5335 കോടി രൂപയാണ്. ആറേഴുകൊല്ലം കൊണ്ടുണ്ടായ വർദ്ധനവ് കേവലം 40 കോടി രൂപ മാത്രമാണ്. ആറേഴുകൊല്ലംകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതിവിഹിതത്തിന്റെ ചെലവഴിച്ചതായിരിക്കുന്ന തുക ഈ രീതിയിൽ പോയാൽ മതിയോ? വകയിരുത്തിയ തുകയൊന്ന് പരിശോധിക്കാം. 2022-23-ൽ

വകയിരുത്തിയ തുക 7488 കോടി രൂപ, 2023-24-ൽ വകയിരുത്തിയ തുക 7460 കോടി രൂപ. ഒരു വർഷം കഴിയുമ്പോൾ 28 കോടി രൂപ കുറവാണ്. ഗവൺമെന്റ് പുറകിലേയ്ക്ക് നടക്കുകയാണ്. ഇത് ഗുരുതരമായ സാഹചര്യമാണ്. മുൻവർഷങ്ങളിൽ എൽ.എസ്.ജി.ഡി. പദ്ധതി ചെലവ് 80 ശതമാനമായിരുന്നുവെങ്കിൽ 2023-24 വർഷം സർക്കാരിന്റെ കണക്കുപ്രകാരംതന്നെ അത് 71 ശതമാനമാണ്. 14 ശതമാനത്തിന്റെ കുറവാണ്. വികസനപരമായ പ്രശ്നങ്ങളും പദ്ധതി ചെലവിന്റെ പ്രശ്നങ്ങളും അതീവ ഗൗരവതരമായ രീതിയിൽ നമ്മുടെ ലോക്കൽ ബോഡികളെ മുഴുവൻ തകർക്കുന്ന സാഹചര്യത്തിലേയ്ക്ക് എത്തിയിരിക്കുകയാണ്. 2023 ആഗസ്റ്റിൽ ലഭിക്കേണ്ട വികസന ഫണ്ടിന്റെ രണ്ടാം ഗഡു നിങ്ങൾ നൽകിയത് നവംബർ മാസം 21-ാം തീയതിയാണ്. 2023 ആഗസ്റ്റിൽ ലഭിക്കേണ്ട മെയിന്റനൻസ് ഗ്രാന്റ് 2024 ജനുവരിയിലാണ് നൽകുന്നത്. അപ്പോഴേയ്ക്കും ട്രഷറി നിയന്ത്രണമാണ്. കഴിഞ്ഞ സാമ്പത്തിക വർഷത്തെ ഒരു ഗഡു മാത്രമാണ് ഫലപ്രദമായി ഉപയോഗിക്കാൻ സാധിച്ചിട്ടുള്ളത്. നിങ്ങൾ ഒരു കാര്യംകൂടി ആലോചിക്കു. 2020-21 മുതൽ നടപ്പിലാക്കാൻ കഴിയാത്തതായിരിക്കുന്ന ഒരു

ഫണ്ടും ക്യാരി ഓവർ ചെയ്യാൻ നിങ്ങൾ അനുവദിച്ചില്ല. അതീവ ഗുരുതരമായ സാഹചര്യം ഒന്നുകൂടി പറയാം. 2024 മാർച്ച് 23-ന് നിങ്ങൾ ലോക്കൽ ബോഡീസിന് ഫണ്ട് അനുവദിക്കുകയാണ്. അതിന്റെ തലേദിവസം 22-03-2024-ന് ട്രഷറികളിൽ പണമിടപാട് നിർത്തി വയ്ക്കുകയാണ്. പിന്നെ എങ്ങനെയാണ് ഇവർക്ക് ഈ പണം ഗൗരവതരമായ രീതിയിൽ ചെലവഴിക്കാൻ സാധിക്കുക? ജനറൽ പർപ്പസ് ഗ്രാന്റിന്റെ 2023-24-ലെ ജനുവരി മുതലുള്ള 3 ഗഡുക്കൾ, ഏപ്രിൽ മുതൽ ജൂൺ വരെയുള്ള 3 ഗഡുക്കൾ എന്നിങ്ങനെ 6 ഗഡുക്കൾ കുടിശ്ശികയാണ്. ആകെ അനുവദിച്ചത് ഒരൊറ്റ ഗഡുമാത്രമാണ്. തനത് ഫണ്ട് കുറവായ പഞ്ചായത്തുകൾക്കും അല്ലാത്ത പഞ്ചായത്തുകൾക്കും ശമ്പളം, പലിശ, ഓണറേറിയം, ദിവസ വേതനം, വികസന പദ്ധതികൾ എന്നിവയെല്ലാം കൊടുക്കണ്ടെ; എല്ലാം നിശ്ചലമായി എന്നുമാത്രമല്ല, നമ്മൾ കേരളത്തിൽ പരമ്പരാഗതമായി ചെയ്യുന്ന ഒരു പ്രത്യേക സംവിധാനമുണ്ട്. 10% എസ്.സി., 2% എസ്.ടി. ഫണ്ടുകൾ. അത് രണ്ടും ക്രമത്തിനനുസരിച്ച് ചെലവഴിക്കാനുള്ള മാർഗ്ഗനിർദ്ദേശം നൽകി. അതിൽ ഒരു കുറവും വരുത്താറില്ല. നിങ്ങൾ ആലോചിക്കണം, ഈ രണ്ട് ഫണ്ടിലും

ഗൗരവതരമായ തകർച്ച നേരിട്ടു എന്നത് മാത്രമല്ല, സമൂഹത്തിലെ ഏറ്റവും വലിയ ദുർബലമായ ഈ വിഭാഗങ്ങളോട് ഒരിക്കലും ചെയ്യാൻ പാടില്ലാത്ത അരുതായ്മ ചെയ്തുകൊണ്ടാണ് ഈ സർക്കാർ മുന്നോട്ട് പോകുന്നത്.

കേരളത്തിലെ 105 ഗ്രാമപഞ്ചായത്തുകൾക്ക് സെക്രട്ടറിമാരില്ല. സെക്രട്ടറിമാരില്ലാതെ പഞ്ചായത്തുകൾ എങ്ങനെയാണ് പ്രവർത്തിക്കുക; കേരളത്തിലെ നിരവധി പഞ്ചായത്തുകളിൽ ആവശ്യത്തിന് ജീവനക്കാരും മറ്റ് സംവിധാനങ്ങളുമില്ല. ഇങ്ങനെ മുന്നോട്ട് പോകുകയാണ്. ക്യാരി ഓവർ ചെയ്യാനുള്ള ഒരു നടപടിയും നിങ്ങൾ ചെയ്യുന്നില്ല. മെയിന്റനൻസ് ഫണ്ടിന്റെ സ്പിൽ ഓവറും മറ്റുള്ള സ്പിൽ ഓവറും കൊടുക്കാനുള്ള ഗഡുക്കളും എന്നിവയെല്ലാം നൽകിയാലേ 2024-25 വാർഷിക പദ്ധതികൾ ജില്ലാ ആസൂത്രണ സമിതികൾക്ക് നൽകി പുതുക്കി അംഗീകാരം നൽകി മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ. ഇതൊന്നുമില്ലാതെ എങ്ങനെ മുന്നോട്ടുപോകാൻ സാധിക്കും; യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പദ്ധതിയുടെ അടങ്കൽ തുക മുൻ വർഷത്തേക്കാൾ 10% ഓരോ വർഷവും സാമാന്യമായി വർദ്ധനവ് വരുത്തിയിരുന്നു. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കുന്നു, കഴിഞ്ഞ 5

വർഷങ്ങളിൽ നമ്മുടെ പദ്ധതിയിൽ കാര്യമായ എന്തെങ്കിലുമൊരു വർദ്ധനവ് ഉണ്ടായോ; ഇൻഫ്ലേഷൻ 5% കൂടി വരികയാണ്. സ്വാഭാവികമായി ഇത് ഇനിയും കൂടേണ്ടതല്ലേ; 10% എന്നുള്ളത് അതിൽക്കൂടുതൽ വേണ്ടേ; എസ്.സി./എസ്.ടി. ഫണ്ടിന്റെ കാര്യം ഞാൻ നേരത്തെ സൂചിപ്പിച്ചു. അതും തകർന്നു. ഇതെല്ലാമായി സംസ്ഥാനത്തുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിലനിൽപ്പുതന്നെ ഏറ്റവും വലിയ ഗൗരവതരമായ, അപകടകരമായ സാഹചര്യത്തെ നേരിടുകയാണ്. ഇപ്പോൾ ഓരോ പരിപാടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അങ്ങേൽപ്പിക്കുകയാണ്. അവർക്ക് കാര്യമായ പണിയൊന്നുമില്ല. അവരുടെ പ്രവർത്തനം നിലയ്ക്കുന്ന ഘട്ടത്തിലേയ്ക്ക് പോകുന്നു. ലേബർ ഡിപ്പാർട്ട്മെന്റിന്റെ ലേബർ സെസ്സ് പിരിക്കാൻ എൽ.എസ്.ജി.ഡി.-യെ ചുമതലപ്പെടുത്തുകയാണ്. മൈനിംഗ് ആൻഡ് ജിയോളജി ഡിപ്പാർട്ട്മെന്റിലെ മണ്ണ് കട്ടിംഗ്, അതിന്റെ പണം വാങ്ങൽ, ട്രഷറിയിൽ അടയ്ക്കൽ എന്നിവയുടെ ചുമതലയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കുകയാണ്. ആഗോള മാലിന്യ സംസ്കരണ എക്സ്പോ നടക്കുമ്പോൾ അതിന് 50000 രൂപ പഞ്ചായത്തുകളിൽനിന്നും വാങ്ങുകയാണ്.

നവകേരള സദസ്സ് നടത്തുമ്പോൾ അതിന്റെ പണം പഞ്ചായത്തുകളിൽനിന്നും വാങ്ങുകയാണ്. സർക്കാരിന്റെ പല പരിപാടികളും പണം വാങ്ങാനുള്ള ഒരു കറവപ്പശുവായി, പണം നൽകാത്തതായ ഈ ഗ്രാമപഞ്ചായത്തുകളെ നിങ്ങൾ മാറ്റുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നത് എങ്ങനെയാണ്; ഈ ഗ്രാമപഞ്ചായത്തുകൾ കമ്മ്യൂണിറ്റി കിച്ചൻ നടത്തി. അവർ കിറ്റുകൾ കൊടുത്തു, അവർ മരുന്ന്-ഭക്ഷണ വിതരണം നടത്തി, അവർ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. അതിന്റെ മേനി ഏറ്റെടുത്ത് അധികാരത്തിൽ വന്നതാണ് നിങ്ങൾ. നിങ്ങൾ പാലുതന്ന കൈയ്ക്ക് കടിക്കുകയല്ല, പാലുതന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തെ കൊല്ലാൻ നേതൃത്വം കൊടുക്കുന്ന, അതീവ ഗൗരവതരമായ സാഹചര്യമാണ് ഇന്നുള്ളത്. വികസനം ആഗ്രഹിക്കുന്ന, പണം ആഗ്രഹിക്കുന്ന ഒരു വലിയ പശു, ആ പശുവിനെ നിങ്ങൾ യഥേഷ്ടം നിങ്ങളുടെ ആവശ്യത്തിന് കറക്കുകയാണ്. ആ പശുവിന് ഒരു കാടിവെള്ളംപോലും കൊടുക്കാത്ത സർക്കാരാണ് നിങ്ങളുടേത് എന്നുള്ളതിൽ ഏറെ വൈഷമ്യമുണ്ട്. അവസാനം നിങ്ങൾ പ്രേരക്മാരെ വിന്യസിച്ചു. 60% പണമെടുക്കാൻ ചുമതലപ്പെടുത്തിയത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയാണ്. ഞാൻ ചോദിക്കുന്നു, പണം

നൽകാതെ എങ്ങനെയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈ പണം നൽകുക; ഇപ്പോൾ ഒരു പണിയും നിങ്ങൾ ചെയ്യുന്നില്ല എന്നുമാത്രമല്ല, ചെയ്യേണ്ട കാര്യം നടപ്പിലാക്കാൻ പണം നൽകുന്നില്ലെന്ന് മാത്രമല്ല, ഓരോ പുതിയ കാര്യങ്ങൾ ഏൽപ്പിക്കുകയാണ്. ഞാൻ ഒരു ഉദാഹരണം പറയാം, 10-06-2024-ന് തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ എല്ലാ മുനിസിപ്പാലിറ്റി/ഗ്രാമപഞ്ചായത്തുകൾക്കും ഒരു കത്ത് കൊടുത്തു. മുരളിയെ കാണാനില്ല. ഞാൻ അദ്ദേഹത്തിന്റെ അഡ്രസൊന്നും പറയുന്നില്ല. മുരളിയെ കാണാനില്ലാത്തതിന്റെ കാരണം പറഞ്ഞ് അതത് പഞ്ചായത്തുകളിലെ എല്ലാ മന്ദിരങ്ങളും പരിശോധിച്ച് അടിയന്തരമായി റിപ്പോർട്ട് ചെയ്യണം. അതിന് പോലീസും സാമൂഹ്യനീതി വകുപ്പുമുണ്ട്. ഇതുപോലെയുള്ള ഓരോ കാര്യങ്ങൾ ഇറക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പുതിയ ചുമതലകൾ ഏൽപ്പിക്കുകയും അവർ ചെയ്യേണ്ട കാര്യങ്ങളിൽ അവരെ വഴിമുടക്കുകയും ചെയ്യുന്ന ഗൗരതരമായ സാഹചര്യമാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 2023-24 സാമ്പത്തിക വർഷം അനുവദിക്കാതിരുന്ന ജനറൽ പർപ്പസ് ഗ്രാന്റ് 3 ഗഡു, മെയിന്റനൻസ് വിഹിതം

ഒരു ഗഡു എന്നിവ നിങ്ങൾ അനുവദിക്കുമോ; 2024-25 സാമ്പത്തിക വർഷത്തെ ജനറൽ പർപ്പസ് ഗ്രാന്റ് 2 ഗഡു കുടിശ്ശിക അടിയന്തരമായി അനുവദിക്കാനുള്ള നടപടി സ്വീകരിക്കുമോ; തനത് ഫണ്ട് അപര്യാപ്തമായതിനാൽ ദൈനംദിന ചെലവുകൾക്ക് ബുദ്ധിമുട്ടുന്ന തദ്ദേശസ്ഥാപനങ്ങളുള്ളതായി നിങ്ങളുടെ ശ്രദ്ധയിലെങ്കിലും പെട്ടിട്ടുണ്ടോ; 2024-25 സ്പിൽ ഓവർ പദ്ധതികൾക്ക് ഡി.പി.സി. അംഗീകാരം ലഭ്യമാക്കുന്നതിനുള്ള ഗൗരവമായ തടസ്സം നീക്കാനുള്ള നടപടികൾക്ക് നേതൃത്വം നൽകുമോ, ക്യൂ ബില്ലുകൾക്കും സ്പിൽ ഓവർ പദ്ധതികൾക്കും തുക വകയിരുത്തേണ്ടതിനാൽ വാർഷിക പദ്ധതിയിൽ മേഖലാടിസ്ഥാനത്തിൽ ആവശ്യമായ പണം ലഭ്യമാക്കി അതിൽ ഇളവ് നൽകാനാവശ്യമായ നടപടി സ്വീകരിക്കുമോ; ഈ അടിയന്തരപ്രമേയം യു.ഡി.എഫ്.-ന് വേണ്ടിയുള്ളതല്ല. ഇത് നമ്മുടെ മഹാത്മാഗാന്ധി വിഭാവനം ചെയ്ത ഗ്രാമസ്വരാജ് എന്നുപറയുന്ന സങ്കൽപ്പം നിലനിൽക്കാൻവേണ്ടിയുള്ള ഗൗരവതരമായ ഇടപെടലാണ്. അതുകൊണ്ട് മരിച്ചുവീഴുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പിടിച്ചുനിർത്താൻവേണ്ടി ഈ സഭ അടിയന്തരമായി നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുകയാണ്.

തദ്ദേശസ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഇക്കാര്യത്തിൽ സർക്കാർ ഇതുവരെ സ്വീകരിച്ച നടപടികളെ കുറിച്ചും ഇനി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങളെ കുറിച്ചും ഞാൻ ആദ്യം സംസാരിച്ചപ്പോൾ വിശദീകരിച്ചതാണ്. അത് ആവർത്തിച്ച് സമയം അപഹരിക്കാൻ ഉദ്ദേശിക്കുന്നില്ല. അക്കാര്യങ്ങളെ കുറിച്ചൊന്നും അദ്ദേഹം പരാമർശിച്ചതേയില്ല. ഈ സാമ്പത്തിക വർഷം ഇതുവരെ 3887.02 കോടി രൂപ തദ്ദേശ സ്ഥാപനങ്ങൾക്ക് 2024-25 വർഷത്തെ സാമ്പത്തിക വർഷത്തിന്റെ മൂന്ന് മാസങ്ങളിൽത്തന്നെ അനുവദിച്ചു എന്ന് ഞാൻ ചൂണ്ടിക്കാണിച്ചു. അദ്ദേഹം അതിനെക്കുറിച്ച് പരാമർശിച്ചില്ല എന്നുമാത്രമല്ല, ഇപ്പോൾ ഞാൻ പറയുന്നതും അദ്ദേഹം ശ്രദ്ധിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. ടി. സിദ്ദിഖ്, പ്രമേയ അവതാരകൻ ശ്രദ്ധിക്കണം.

ശ്രീ. എം. ബി. രാജേഷ്: സർ, അവതാരകൻ വളരെ ശക്തമായി ഒരു പ്രസംഗമൊക്കെ നടത്തി. അദ്ദേഹത്തിന്റെ അവതരണ മികവിനെയൊക്കെ ഞാൻ അഭിനന്ദിക്കുന്നു. പക്ഷേ അതിൽ പറഞ്ഞ കാര്യങ്ങൾ പലതും വസ്തുതാപരമല്ല. അർദ്ധസത്യങ്ങളാണ്. ചില കാര്യങ്ങൾ അദ്ദേഹം പറയാതെ

സൗകര്യപൂർവ്വം ഒഴിയുകയും ചെയ്തു. ഞാൻ പറഞ്ഞത് ആവർത്തിക്കേണ്ട കാര്യമില്ലല്ലോ; സർക്കാർ ഏതൊരു കടുത്ത സാഹചര്യത്തെയാണ് നേരിടുന്നതെന്ന് പറഞ്ഞുകഴിഞ്ഞു. ആ സാഹചര്യത്തിലും സർക്കാർ അങ്ങേയറ്റത്തെ ആത്മാർത്ഥതയോടുകൂടിയാണ് തദ്ദേശസ്ഥാപനങ്ങളെ പിന്തുണയ്ക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ടാണ് ആദ്യ മൂന്ന് മാസങ്ങളിൽത്തന്നെ ഇത്രയും പണം നമ്മൾ റിലീസ് ചെയ്തുകഴിഞ്ഞത്. ബാക്കി പറഞ്ഞ കാര്യങ്ങളൊന്നും ആവർത്തിക്കുന്നില്ല. സ്വീകരിച്ച നടപടികളെ കുറിച്ചൊക്കെ പറഞ്ഞിട്ടുണ്ട്. ഇനി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികളെ കുറിച്ചും പറഞ്ഞുകഴിഞ്ഞു. നിലവിൽ ക്യൂവിലായിട്ടുള്ള തുക, അല്ലെങ്കിൽ 20% ക്യാരി ഓവർ, ഇതിൽ ഏതാണോ അധികമായത് പ്രസ്തുത തുക 2024-25 സാമ്പത്തിക വർഷത്തിൽ ക്യാരി ഓവറായി അനുവദിക്കാൻ കഴിയുമോ എന്ന കാര്യമാണ് ഇപ്പോൾ പരിശോധിച്ചുകൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട പ്രമേയാവതാരകൻ, ശ്രീ. ടി. സിദ്ദിഖ് അദ്ദേഹത്തിന്റെ ഉശിരൻ പ്രസംഗത്തിൽ പക്ഷേ ഇതിന് ഇടയാക്കിയ സാമ്പത്തിക പ്രതിസന്ധിയെ കുറിച്ചും കേന്ദ്ര സർക്കാർ അടിച്ചേൽപ്പിക്കുന്ന സമീപനങ്ങളെ കുറിച്ചും ഒരു വരിപോലും

പറഞ്ഞില്ല എന്നത് വളരെ നിർഭാഗ്യകരവും ഖേദകരവുമാണ്. മാത്രമല്ല, അത് പറയുമ്പോൾ ചില പ്രത്യേക ശബ്ദങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് അസഹിഷ്ണുതയും പരിഹാസവും കാണിക്കുകയാണ് ചെയ്യുന്നത്. എനിക്ക് തീരെ മനസിലാകാത്തത് ഈ വിഷയം നിങ്ങളെ എന്തുകൊണ്ട് സ്പർശിക്കുന്നില്ല എന്നതാണ്. 24 നഗരസഭകൾക്ക് ഫണ്ട് അനുവദിക്കാത്ത കാര്യം ഞാൻ ഇവിടെ പലതവണ ചൂണ്ടിക്കാണിച്ചിട്ടും നിങ്ങൾ അതൊന്നും കേട്ടതായേ ഭാവിക്കുന്നില്ല. 'കമ്പിളിപുതപ്പ്... കമ്പിളിപുതപ്പ്...' എന്ന് ഒരു സിനിമയിൽ പറയുന്നുണ്ടല്ലോ. എങ്ങനെ പറഞ്ഞിട്ടും കേൾക്കാതെയിരുന്ന, സിനിമയിലെ ആ കഥാപാത്രമായി അഭിനയിച്ച ആൾ ഇവിടെ സഭയിൽ ഇരിക്കുന്നുണ്ട്. ആ കഥാപാത്രത്തെ പോലെയാണ് യു.ഡി.എഫ് അംഗങ്ങളും. ധനകാര്യ കമ്മീഷൻ ഗ്രാന്റ് അനുവദിക്കാത്ത കാര്യം ആവർത്തിച്ച് പറഞ്ഞിട്ടും അത് ഞങ്ങൾക്ക് ബാധകമല്ല, ഞങ്ങൾ ഈ നാട്ടുകാരേയല്ല എന്ന മട്ടിലാണ് പ്രതിപക്ഷ എം.എൽ.എ.മാർ ഇരിക്കുന്നത്. പ്രതിപക്ഷം സ്വീകരിക്കേണ്ടത് ഇങ്ങനെ ഒരു സമീപനമാണോ? ഈ വിഷയത്തെ രാഷ്ട്രീയവത്കരിക്കാൻ ഞാൻ തുടക്കത്തിൽ മാത്രമല്ല, ഇപ്പോഴും ഉദ്ദേശിച്ചിട്ടില്ല. പക്ഷേ, അവസാനം കുറച്ച്

രാഷ്ട്രീയകാര്യങ്ങളൊക്കെ പറയേണ്ടിവരുമല്ലോ, അത് പറയും. തദ്ദേശ സർക്കാരുകൾ പൂർണ്ണമായും കക്ഷിരാഷ്ട്രീയാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നവയോ, അത്തരത്തിൽ കണക്കാക്കേണ്ടവയോ അല്ല. അറുപത് ശതമാനം തദ്ദേശ സ്ഥാപനങ്ങൾ എൽ.ഡി.എഫ് ഭരിക്കുമ്പോൾ നാൽപ്പത് ശതമാനം സ്ഥാപനങ്ങൾ ഭരിക്കുന്നത് യു.ഡി.എഫ്. ആണ്. അപ്പോൾ ഇത്തരമൊരു പ്രതിസന്ധി സൃഷ്ടിക്കുന്ന കേന്ദ്ര നയങ്ങളെക്കുറിച്ച് നിങ്ങൾ ഒന്നുംതന്നെ പറയുന്നില്ല എന്നത് എനിക്ക് വിചിത്രമായി തോന്നുകയാണ്. ഒരു കാര്യം പറയട്ടേ, കർണ്ണാടകയുടെ ധനകാര്യ കമ്മീഷൻ ചെയർമാനും അംഗങ്ങളും ഒരുമാസം മുൻപ് തൃശ്ശൂരിൽ വരികയും 'കിലയി'-ൽ വച്ച് ഞാനുമായി ഒരു കൂടിക്കാഴ്ച നടത്തുകയും ചെയ്തു. കമ്മീഷൻ ചെയർമാൻ ഡോ. നാരായണ സ്വാമി കോൺഗ്രസ് നേതാവും എം.പി.യുമായിരുന്നു. അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള ആ സംഘം പറഞ്ഞത്, കേരളവും കർണ്ണാടകയും ഒരുമിച്ചുചേർന്ന് കേന്ദ്രത്തെ നേരിടേണ്ട പ്രാധാന്യത്തെക്കുറിച്ചാണ്. കേന്ദ്ര നയങ്ങളുടെ ഫലമായി കർണ്ണാടകയിലെ തദ്ദേശ സ്ഥാപനങ്ങളും കേരളത്തിന്റേതിന് സമാനമായ പ്രതിസന്ധി അഭിമുഖീകരിക്കുന്നതിനാൽ

നമുക്ക് ഒരുമിച്ചുനിന്ന് ഈ വിഷയത്തെ നേരിടാമെന്നാണ് അവർ പറഞ്ഞത്. വായ്പാ പരിധി ഉയർത്തണമെന്ന പ്രശ്നങ്ങളൊക്കെ ഉന്നയിച്ചുകൊണ്ട് നമ്മൾ ബഹു. സുപ്രീംകോടതിയിൽ കേസ് ഫയൽചെയ്തിട്ടുണ്ടല്ലോ. "ബഹു. സുപ്രീംകോടതിയിൽ നിങ്ങൾ ഫയൽചെയ്ത കേസിൽ അനുകൂലമായ തീരുമാനമുണ്ടായാൽ അതിന്റെ ഗുണം ഞങ്ങൾക്കും കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്, ധനകാര്യ കമ്മീഷൻ സംസ്ഥാനങ്ങൾക്ക് നൽകേണ്ട ഗ്രാന്റിന്റെ കാര്യത്തിൽ കാണിക്കുന്ന വിവേചനത്തെ നമ്മൾ ഒരുമിച്ചുനിന്ന് നേരിടേണ്ടതാണ്". കോൺഗ്രസ് നേതാവും കർണ്ണാടകയിലെ ധനകാര്യ കമ്മീഷൻ അദ്ധ്യക്ഷനുമായ വ്യക്തി ഇങ്ങനെ പറയുമ്പോൾ ആ വിവേകമെങ്കിലും കേരളത്തിലെ യു.ഡി.എഫ്. എം.എൽ.എ.മാർ കാണിക്കുന്നില്ല എന്നത് വളരെയധികം നിരാശാജനകമാണ്, അതുമാത്രമേ ഞാൻ പറയുന്നുള്ളൂ. അങ്ങനെ ചെയ്യുന്നത് സങ്കുചിത രാഷ്ട്രീയം മാത്രം മുൻപിൽ കണ്ടുകൊണ്ടാണ്. ഇവിടെ കേന്ദ്രഗവൺമെന്റിനെ കുറ്റം പറഞ്ഞുകൊണ്ട് നിങ്ങൾക്ക് പ്രയോജനമില്ല, അതുകൊണ്ട് എല്ലാകുറ്റവും ഈ സർക്കാരിന്റെ തലയിൽ വച്ചുകെട്ടുന്നതാണ് രാഷ്ട്രീയമായ ലാഭം എന്ന് നിങ്ങൾ കണക്കാക്കുന്നു.

തെരഞ്ഞെടുപ്പ് വരുന്നു എന്നതുകൊണ്ടാണല്ലോ പെട്ടെന്ന് ഈ വിഷയം ഒരു പ്രശ്നമായി നിങ്ങൾക്ക് തോന്നിയത്. കഴിഞ്ഞ കുറേക്കാലമായി കേന്ദ്രസർക്കാർ ഇത്തരത്തിലുള്ള സമീപനം സ്വീകരിച്ചുകൊണ്ടിരിക്കുകയാണെങ്കിലും അതിനെപ്പറ്റി ഇപ്പോഴും നിങ്ങൾക്ക് മിണ്ടാട്ടമില്ല.

ശ്രീ. സിദ്ദിഖ് ഇവിടെ കുറേയേറെ കണക്കുകൾ പറയുകയുണ്ടായി. നമ്മുടെ മുൻപിൽ കണക്കുകളുണ്ട്. ഇത്തരം താരതമ്യങ്ങളൊക്കെ നടത്തേണ്ടിവരുന്നത് ബഹുമാന്യനായ സിദ്ദിഖ് പ്രസംഗത്തിൽ പലതും പറഞ്ഞതുകൊണ്ടാണ്. 'ഈ സർക്കാർ എന്തൊക്കെയോ ഇല്ലാതാക്കി, അധികാര വികേന്ദ്രീകരണത്തെ കഴുത്ത് ഞെരിച്ചു കൊല്ലുന്നു' എന്നൊക്കെ അദ്ദേഹം വാചാലമായി പറയുമ്പോൾ ഞാൻ ചില കണക്കുകൾ അദ്ദേഹത്തിന്റെയും മറ്റ് പ്രതിപക്ഷ അംഗങ്ങളുടെയും ശ്രദ്ധയിൽകൊണ്ടുവരികയാണ്. 2011-12 മുതൽ 2015-16 വരെ ഇവിടെ യു.ഡി.എഫ് സർക്കാരായിരുന്നു, അതാണല്ലോ യു.ഡി.എഫ് അവസാനമായി ഭരിച്ച കാലയളവ്. ആ അഞ്ച് കൊല്ലം തദ്ദേശ സ്ഥാപനങ്ങൾക്ക് വിതരണംചെയ്ത തുക 19792.77 കോടി രൂപയും ആ വർഷങ്ങളിലെ വിനിയോഗം 73.16 ശതമാനവുമാണ്. ഓരോ വർഷത്തേതായി നോക്കുമ്പോൾ

വിനിയോഗ ശതമാനം വ്യത്യസ്തമായിരിക്കുമെങ്കിലും ആ കാലയളവിലെ മൊത്തം വിനയോഗ നിരക്ക് 73.16 ആണ്. 2016 -17 മുതൽ 2020-21 വരെയുള്ള ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് വിതരണം ചെയ്തത് 34175.85 കോടി രൂപയാണ്, ഇത് നേരത്തേയുള്ളതിന്റെ ഏതാണ്ട് ഇരട്ടിയാണ്. 2021 -ന് ശേഷമുള്ള സ്ഥിതി പരിശോധിക്കാം, ആ കാലയളവിന് ശേഷമാണല്ലോ സാമ്പത്തിക സാഹചര്യം കൂടുതൽ പ്രയാസകരമായി മാറിയത്, ദുഷ്കരമായി മാറിയത്. 2021-22 മുതൽ 2023-24 വരെ വിതരണം ചെയ്തത് 21571.82 കോടി രൂപയാണ്. അതായത്, അഞ്ച് കൊല്ലംകൊണ്ട് യു.ഡി.എഫ്. സർക്കാർ വിതരണം ചെയ്തതിനേക്കാൾ കൂടുതൽ തുക കഴിഞ്ഞ മൂന്ന് വർഷംകൊണ്ട് എൽ.ഡി.എഫ് സർക്കാർ തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകിക്കഴിഞ്ഞു, പ്രധാനപ്പെട്ട ഒരു കണക്ക് അതാണ്. എസ്.സി-എസ്.ടി. വിഭാഗങ്ങൾക്ക് നീക്കിവയ്ക്കുന്ന തുക വെട്ടിക്കുറച്ചുവെന്നും ആ വിഭാഗങ്ങളുടെ ചെലവിൽ പ്രതിസന്ധി പരിഹരിക്കാൻ ശ്രമിച്ചു എന്നുമാണ് ശ്രീ. ടി. സിദ്ദിഖ് ഇവിടെ പറഞ്ഞത്. അദ്ദേഹം പറഞ്ഞത് അങ്ങേയറ്റം വസ്തുതാവിരുദ്ധമായ കാര്യമാണ്. എസ്.സി.പി(Special Component Plan)/ ടി.എസ്.പി(Tribal

Sub Plan) ഫണ്ടിനത്തിൽ സർക്കാർ യാതൊരു വെട്ടിക്കുറവും വരുത്തിയിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. മുൻകാലങ്ങളിൽ അനുവദിക്കുന്ന അതേ അനുപാതത്തിൽത്തന്നെ മുടക്കംകൂടാതെ എസ്.സി.പി./ടി.എസ്.പി. വിഹിതം അനുവദിക്കുന്നുണ്ട്. വികസന ഫണ്ടിന്റെ ഭാഗമായാണ് അത് അനുവദിക്കുന്നത്. വസ്തുതാവിരുദ്ധമായാണ് ബഹുമാന്യനായ അംഗം കാര്യങ്ങൾ ഉന്നയിച്ചത്. ഒരു കാര്യംകൂടി അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്, 2014-15 കാലഘട്ടത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫണ്ട് അനുവദിച്ചിരുന്നത് 10 തവണകളായാണ്. പ്രധാനമായ ഒരു ആരോപണമായി അദ്ദേഹത്തിന്റെ കുറ്റപത്രത്തിൽ അവതരിപ്പിച്ച കാര്യം സാമ്പത്തിക വർഷത്തിന്റെ അവസാന സമയത്ത് മാർച്ച് മാസത്തിൽ ഫണ്ട് അനുവദിക്കുന്നു എന്നതാണ്. 2014-15 സാമ്പത്തിക വർഷത്തിൽ 10 ഗഡുക്കളായി ഫണ്ട് അനുവദിച്ചത് എങ്ങനെയാണെന്ന് നോക്കാം, 8-ാമത്തെ ഗഡു അനുവദിച്ചത് മാർച്ച് 21-ന്, 9-ാമത്തെ ഗഡു അനുവദിച്ചതും മാർച്ച് 21-ന്, 10-ാമത്ത ഗഡു അനുവദിച്ചതും 2015 മാർച്ച് 21 -ന് എന്നതാണ് യാഥാർത്ഥ്യം. അതായത് മൂന്ന് ഗഡുക്കളും അനുവദിച്ചത് സാമ്പത്തിക വർഷം അവസാനിക്കുന്നതിന്റെ പത്ത്

ദിവസം മുമ്പ് ഒരുമിച്ചാണ്. അന്ന് ഇതുപോലുള്ള ഒരു സാമ്പത്തിക സാഹചര്യം കേരളം അനുഭവിക്കുന്നില്ലായിരുന്നു എന്നുകൂടി കാണണം. കേന്ദ്രഗവൺമെന്റ് ഇന്നത്തേതുപോലെ കടന്നാക്രമണം നടത്തിക്കൊണ്ടിരിക്കുന്ന കാലമല്ലാതിരുന്നിട്ടും അത്തരത്തിലുള്ള സമീപനം അന്ന് സ്വീകരിച്ചിട്ടുണ്ടെന്നത് അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവന്നു എന്നേയുള്ളൂ. ഞാൻ ഈ വിഷയം ഒരു ആരോപണ-പ്രത്യാരോപണം എന്ന നിലയിൽ ഉന്നയിക്കാനല്ല ആഗ്രഹിക്കുന്നത്, തുടക്കംമുതൽ പ്രശ്നത്തെ അങ്ങനെ കാണാനും ഞാൻ ശ്രമിച്ചിട്ടില്ല. പക്ഷേ വിഷയം പറയുമ്പോൾ നിങ്ങൾക്കും ഒരു ലക്ഷ്യമുണ്ടല്ലോ, ആ ലക്ഷ്യത്തെ മനസിലാക്കിക്കൊണ്ട്, അതുകൂടി ഉൾപ്പെടുത്തി മറുപടി പറയണമല്ലോ. ഇവിടെയിരിക്കുന്നവർ മാത്രമല്ലല്ലോ കേൾക്കുന്നത്, ആളുകൾ മാധ്യമങ്ങളിലൂടെ ഇതെല്ലാം കാണുന്നതുകൂടിയല്ലേ, അതുകൊണ്ട് പറഞ്ഞെന്നേയുള്ളൂ, ചില കാര്യങ്ങൾ ഓർമ്മിപ്പിച്ചുവെന്നേയുള്ളൂ. ഓർമ്മകൾ ഉണ്ടായിരിക്കണം എന്നാണ് ബഹുമാന്യനായ ടി. സിദ്ദിഖിനോട് എനിക്ക് പറയാനുള്ളത്. അധികാര വികേന്ദ്രീകരണത്തെ 'കഴുത്ത് ഞെരിച്ച് കൊല്ലുന്നു' എന്നൊക്കെയുള്ള ശ്രീ. ടി. സിദ്ദിഖ്-ന്റെ വൈകാരികമായ പ്രകടനങ്ങൾ നമ്മൾ

ഇവിടെ കാണുമ്പോൾ നമുക്ക് പഴയ ചില കാര്യങ്ങൾ ഓർമ്മവരും, അതെല്ലാം ഇപ്പോൾ പറയണോ; ജില്ലാ കൗൺസിൽ നടപ്പാക്കിയത് ആരാണ്; 1987 -ലെ നായനാർ ഗവൺമെന്റ് കൊണ്ടുവന്ന ജില്ലാ കൗൺസിൽ നിയമം അധികാര വികേന്ദ്രീകരണത്തിലെ ഏറ്റവും ശ്രദ്ധേയമായ ചുവടുവയ്പായിരുന്നില്ലേ; ജില്ലാകൗസിലിലേയ്ക്ക് അന്ന് തിരഞ്ഞെടുപ്പ് നടത്തിയില്ലേ? 1990-ൽ ജില്ലാ കൗൺസിൽ നിലവിൽവന്നു, 1991-ൽ കെ. കരുണാകരന്റെ യു.ഡി.എഫ്.ഗവൺമെന്റ് അധികാരത്തിൽ വന്നു, ഭരണം കിട്ടിയ ഉടനെതന്നെ ജില്ലാ കൗൺസിലുകളെ പിരിച്ചുവിടുകയുംചെയ്തു. ഞാൻ ഇതിനെ വീണ്ടും രാഷ്ട്രീയവത്കരിക്കാൻ ഉദ്ദേശിച്ചല്ല പറയുന്നത്, പക്ഷേ അങ്ങയുടെ മുതലക്കണ്ണീർ കാണുമ്പോൾ ചിലകാര്യങ്ങൾ ഓർമ്മിപ്പിക്കേണ്ടിവരുന്നു എന്നേയുള്ളൂ.

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ,...

<u>മി. സ്പീക്കർ</u>: വേണ്ട..മന്ത്രി, വഴങ്ങേണ്ട കാര്യമില്ല, പ്രതിപക്ഷനേതാവ് സംസാരിക്കാനുള്ളതാണ്.

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, വഴങ്ങുന്ന പ്രശ്നമില്ല, അദ്ദേഹം പറയാനുള്ളതെല്ലാം പറഞ്ഞുകഴിഞ്ഞതാണല്ലോ, അതിന് മറുപടി പറയുമ്പോൾ അസ്വസ്ഥത കാണിച്ചിട്ട് കാര്യമില്ല.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ...

<u>മി. സ്പീക്കർ</u>: മന്ത്രി, വഴങ്ങേണ്ട കാര്യമില്ല, കാര്യങ്ങൾ പറയാൻ പ്രതിപക്ഷനേതാവുണ്ട്.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ...

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, ബഹുമാന്യനായ എം. വിൻസെന്റിനുള്ള മറുപടി ഇന്നലെതന്നെ പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞുകഴിഞ്ഞതാണ്, അഡ്വാൻസായിത്തന്നെ മറുപടി പറഞ്ഞിട്ടുണ്ട്, ശ്രീ. എം. വിൻസെന്റ് ഇരിക്കൂ. ജനകീയാസൂത്രണമെന്നത് ലോകത്തിനുതന്നെ മാതൃകയായിട്ടുള്ളതും അധികാര വികേന്ദ്രീകരണത്തിന്റെയും ജനപങ്കാളിത്തത്തോടുകൂടിയ ആസൂത്രണ പ്രക്രിയയുടെയും ഒരു മികച്ച മാതൃക ആയിരുന്നല്ലോ. നിങ്ങൾ ജനകീയാസൂത്രണത്തോട് സ്വീകരിച്ച സമീപനം എന്തായിരുന്നു; അതിനെ അപഹസിച്ചത് എങ്ങനെയെല്ലാമായിരുന്നു; ഏതെല്ലാം നിലയിലാണ്

ദുർബലപ്പെടുത്തിയത്; അതുമുഴുവനും ഇപ്പോൾ പറയേണ്ടതുണ്ടോ? നിങ്ങൾക്ക് അധികാര വികേന്ദ്രീകരണത്തോടുള്ള സമീപനം എന്തായിരുന്നു എന്നതിന് ചരിത്രത്തിൽ ഒട്ടേറെ ഉദാഹരണങ്ങളുണ്ട്. തദ്ദേശ സ്ഥാപനങ്ങളോടും അധികാര വികേന്ദ്രീകരണത്തോടും നിങ്ങൾ ചെയ്ത പാപങ്ങളും പാതകങ്ങളും ചരിത്രത്തിൽ മായാതെ കിടപ്പുണ്ട് എന്നുമാത്രം ഒറ്റവാചകത്തിൽ പറഞ്ഞുകൊണ്ട് ഞാൻ അക്കാര്യം ചുരുക്കുകയാണ്.

നിങ്ങൾ മനസിലാക്കേണ്ട ഒരു കാര്യമുണ്ട്, കർണ്ണാടകയിലെ ധനകാര്യ കമ്മീഷന്റെ ചെയർമാൻ മാത്രമല്ല, നിങ്ങളുടെ സമുന്നതനായ നേതാവുകൂടിയാണ് ശ്രീ. മണിശങ്കർ അയ്യർ. ചിലർ അദ്ദേഹത്തെ വിശേഷിപ്പിക്കുന്നത് ജവഹർലാൽ നെഹ്റുവിന് ശേഷം പുസ്തകം വായിച്ച അപൂർവ്വം കോൺഗ്രസ് നേതാക്കളിൽ ഒരാൾ എന്നാണ്. അധികാര വികേന്ദ്രീകരണം എന്ന വിഷയത്തിൽ അദ്ദേഹത്തിന്റേത് ഇന്ത്യയിലെതന്നെ ഒരു പ്രധാനപ്പെട്ട ആധികാരിക സ്വരമാണല്ലോ? ശ്രീ. മണിശങ്കർ അയ്യർ കഴിഞ്ഞ നവംബർ 1 ന് കേരളീയം പരിപാടിയുടെ ഉദ്ഘാടനത്തിൽ പങ്കെടുക്കുന്നതിനായി കെ.പി.സി.സി. പ്രസിഡന്റ് വിലക്കിയിട്ടും കേരളത്തിൽ വന്നുവെന്ന് അദ്ദേഹം

പരസ്യമായി പറഞ്ഞു. ഹൈദരാബാദ് വിമാനത്താവളത്തിൽ ഇറങ്ങിയപ്പോൾ വരാൻ പാടില്ല തിരിച്ചുപോകണമെന്ന് ഫോണിലൂടെ അറിയിച്ചെങ്കിലും അത് അവഗണിച്ചും ലംഘിച്ചുമാണ് വന്നതെന്ന് രാജീവ് ഗാന്ധിയുടെ ഉറ്റമിത്രമായിരുന്ന ശ്രീ. മണിശങ്കർ അയ്യർ പറഞ്ഞു. അധികാരവികേന്ദ്രീകരണത്തിന്റെ കാര്യത്തിൽ കേരളം ഒരു മാതൃകയാണെന്നും കോൺഗ്രസ്സുകാരനായ ഞാൻ, നിങ്ങൾ കേരളീയത്തിൽ സൃഷ്ടിച്ച മാതൃകയെ വളരെയധികം വിലമതിക്കുന്നുവെന്നും ചൂണ്ടിക്കാണിച്ചു. കേന്ദ്രം സ്വീകരിക്കുന്ന സമീപനങ്ങളെക്കുറിച്ച് അദ്ദേഹം പോലും ചൂണ്ടിക്കാണിക്കുകയുണ്ടായി. നിങ്ങൾ അങ്ങേയറ്റം സങ്കുചിതമായ രാഷ്ട്രീയലക്ഷ്യത്തോടുകൂടി ബധിര കർണ്ണങ്ങളുമായിട്ടാണ് അതിനോട് പ്രതികരിക്കുന്നത്. ശ്രീ. ടി. സിദ്ദിഖ് ഇത്രയൊക്കെ പറഞ്ഞു. എന്നാൽ കേരളത്തിനോട് കേന്ദ്രസർക്കാർ പൊതുവിൽ സ്വീകരിക്കുന്ന സമീപനത്തെപ്പറ്റിയും ധനകാര്യ കമ്മീഷൻ ഗ്രാന്റ് അനുവദിക്കുന്ന കാര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുമേൽ ഈ പ്രതിസന്ധി അടിച്ചേൽപ്പിക്കുന്നതിനെതിരെയും ഒരു വരി പറയാൻ അദ്ദേഹം ആരെയാണ് ഭയപ്പെടുന്നത്? എന്തുകൊണ്ടാണ് പറയാൻ തയ്യാറാകാത്തത്?

അദ്ദേഹത്തിന്റെ ആത്മാർത്ഥതയെയും ഉദ്ദേശശുദ്ധിയെയും സംശയിക്കാനും ചോദ്യം ചെയ്യാനും ഇതുമാത്രം മതി. തനത് ഫണ്ടില്ലാത്ത സ്ഥാപനങ്ങൾ എന്തുചെയ്യുമെന്ന് വികാരഭരിതനായി അദ്ദേഹം ഇവിടെ ചോദിക്കുകയുണ്ടായി. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ തനത് വരുമാനം വർദ്ധിപ്പിക്കാൻ ചില നടപടികൾ ഈ സർക്കാർ സ്വീകരിച്ചപ്പോൾ യു.ഡി.എഫ്. സ്വീകരിച്ച സമീപനമെന്തായിരുന്നു? അതുകൂടി പറയാതിരിക്കാൻ കഴിയില്ല.

ശ്രീ. എം. വിൻസെന്റ്: സർ, ഒന്നുവഴങ്ങുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, ഇല്ല ഇപ്പോൾ വഴങ്ങുന്നില്ല. നിയമസഭയിൽ അതിനെ എതിർത്തില്ല. നിയമസഭയിൽ സഭ നിർത്തിവയ്ക്കാനായി ഇതുപോലെയൊരു ഉപക്ഷേപമോ സബ്മിഷനോ കൊണ്ടുവന്നോ? കൊണ്ടുവന്നില്ല. കഴിഞ്ഞയാഴ്ചയാണ് ശ്രദ്ധക്ഷണിക്കൽ കൊണ്ടുവന്നത്. ഒരു വർഷത്തിനിടയിൽ അതും കൊണ്ടുവന്നിട്ടില്ലായിരുന്നു. എന്നാൽ ഇതിനെതിരായി പ്രചരണം നടത്തി വിഭവസമാഹരണത്തിന് സർക്കാർ സ്വീകരിച്ച നടപടികളുടെ എല്ലാ ആനുകൂല്യവും യു.ഡി.എഫ്.-ന്റെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉപയോഗപ്പെടുത്തുകയും അതിനെ

എതിർക്കുകയും ചെയ്തു. ഇത്തരത്തിൽ ആത്മാർത്ഥയില്ലാത്ത സമീപനമാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത്. ഒരു ഉദാഹരണം കൂടി ഞാൻ പറയാം. മുമ്പ് 20 ഗ്രാമപഞ്ചായത്തുകൾ ശമ്പളം കൊടുക്കാൻ വഴിയില്ലാതെ സർക്കാരിനെ സമീപിച്ചിരുന്നു. ഇപ്പോൾ തനത് വിഭവസമാഹരണം വർദ്ധിപ്പിക്കാൻ സർക്കാർതല നടപടി സ്വീകരിച്ചപ്പോൾ 20 ഗ്രാമപഞ്ചായത്തുകൾക്കും ശമ്പളം കൊടുത്തുപോകാനുള്ള സ്ഥിതിവിശേഷമുണ്ടായി. അതിന് സർക്കാർ സഹായം ആവശ്യമില്ലെന്ന സ്ഥിതി വന്നു. ചില മുനിസിപ്പാലിറ്റികൾ പോലും സർക്കാരിന്റെ സഹായത്തോടെയാണ് ശമ്പളം കൊടുത്തുകൊണ്ടിരുന്നത്. ആ സാഹചര്യത്തിൽ മാറ്റം വന്നു. അപ്പോൾ തനത് വിഭവസമാഹരണം വർദ്ധിപ്പിക്കണ്ടേ? രാഷ്ട്രീയലക്ഷ്യം മാത്രം വച്ച് എല്ലാ കാര്യത്തെയും അന്ധമായി എതിർത്താൽ അത് എവിടേയ്ക്കാണ് എത്തിച്ചേരുന്നത്? ഞാൻ ചൂണ്ടിക്കാണിച്ചത് കേന്ദ്രസർക്കാർ തന്നെ വിഭവസമാഹരണത്തെ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് അനുവദിക്കുന്നതിന്റെ മാനദണ്ഡമായി മാറ്റുന്നൊരു കാലമാണ്. അത്തരമൊരു സന്ദർഭത്തിലാണ് 24 നഗരസഭകൾക്കും അങ്ങനെയാണ് കിട്ടാതെപോയത്. ഇത്തരം കാര്യങ്ങൾ അഡ്രസ്സ്

ചെയ്യാതിരുന്നാൽ ഏത് പ്രതിസന്ധിയായിരിക്കും നാളെ അഭിമുഖീകരിക്കാൻ പോകുന്നത്? സങ്കുചിതരാഷ്ട്രീയം മാറ്റി വച്ച് കുറേക്കൂടി ദീർഘവീക്ഷണത്തോടുകൂടി ഇക്കാര്യങ്ങളിലൊരു സമീപനം സ്വീകരിക്കാൻ പ്രതിപക്ഷവും യു.ഡി.എഫ്.-ഉം തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇത് മറ്റ് കാര്യങ്ങളിലും എന്നപോലെ ഒരു യുദ്ധമുഖമായി കാണേണ്ട ഒന്നല്ല ഈ പ്രശ്നം. ആ വിവേകത്തോടെയും പക്വതയോടെയും യു.ഡി.എഫ്.-കൂടി ഇക്കാര്യങ്ങൾ കൈകാര്യം ചെയ്യാൻ തയ്യാറായാൽ നമുക്കൊരുമിച്ച് ഈ പ്രശ്നങ്ങളിന്മേൽ കുറച്ചുകൂടി പ്രായോഗികമായ സമീപനം സ്വീകരിക്കാൻ കഴിയും. ഈ സാഹചര്യത്തിൽ സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ലെന്ന് അറിയിക്കുകയാണ്.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ-എക്സൈസ്-പാലർമെന്ററികാര്യ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അനുമതി നിഷേധിക്കുന്നു.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഒരു കുടുംബത്തിൽ അനാസ്ഥകൊണ്ടും ഒഴപ്പുകൊണ്ടും ഒരു കുടുംബനാഥൻ വീട്ടിലെ ചെലവ് കാശ് കൊടുക്കാതിരിക്കുമ്പോൾ കുഞ്ഞുങ്ങൾക്ക് ഭക്ഷണം വാങ്ങിച്ചുകൊടുക്കാനും അവർക്ക് മരുന്നുവാങ്ങിച്ചുകൊടുക്കാനും പണമില്ലാതെ വരുമ്പോൾ ഒരു വീട്ടമ്മയ്ക്കുണ്ടാകുന്ന ഒരു നിസ്സഹായാവസ്ഥയുണ്ട്. അതായിരുന്നു മന്ത്രി ആദ്യം വിശദീകരണം നൽകിയപ്പോൾ പ്രതിഫലിച്ചുകണ്ടത്. അടുത്തത്, സ്വന്തം വീട്ടിലെ പ്രശ്നം അടുത്തവീട്ടുകാർ അറിയാതിരിക്കാൻ വേണ്ടി ഈ വീട്ടമ്മ കുറേ ന്യായങ്ങൾ നിരത്തി. ആ ന്യായങ്ങൾ നിരത്തലാണ് രണ്ടാമത്തെ മറുപടിയിൽ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. ഇവിടെ യാഥാർത്ഥ്യങ്ങളല്ല പറഞ്ഞത്, കണക്കെന്നുവച്ചാൽ യാഥാർത്ഥ്യമാണ്. പ്രാദേശിക വികസനം വഴി മുട്ടി അധികാരവികേന്ദ്രീകരണമെന്നുള്ള സങ്കൽപ്പം കേരളത്തിൽ തകർന്നു. ജനപ്രതിനിധികൾ പൊതുജനമധ്യത്തിൽ കുറ്റക്കാരായി. എല്ലാ പഞ്ചായത്ത് പ്രസിഡന്റുമാരും മുനിസിപ്പൽ ചെയർമാൻമാരും അവിടത്തെ സ്ഥിതി വന്ന് നമ്മളോട് പറയാറുണ്ട്. പക്ഷേ എന്നോട് കൂടുതലും പറഞ്ഞിട്ടുള്ളത് എൽ.ഡി.എഫ്.-ന്റെ പഞ്ചായത്ത് പ്രസിഡന്റുമാരും മുനിസിപ്പൽ

ചെയർമാൻമാരുമാണ്. അവർ ഭരണപക്ഷത്തെ കാണാൻ വരുമ്പോൾ ഞങ്ങളെയും കൂടി കണ്ടിട്ട് നിങ്ങളെങ്കിലും ഇത് പറയൂ എന്ന് ഇന്നലെയും കൂടി പറഞ്ഞതേയുള്ളൂ. പരിചയമുള്ളതും പരിചയമില്ലാത്തതുമായ ചിലർ ഫോൺ ചെയ്തുപറയും. പഞ്ചായത്തിന്റെയും കോർപ്പറേഷന്റെയും മുനിസിപ്പാലിറ്റിയുടെയും സ്ഥിതി എത്ര ദയനീയമാണെന്ന് നമ്മൾ അറിയണം. ഒരു കുഴപ്പവുമില്ലെന്ന മട്ടിലാണ് ഇവിടെ മന്ത്രി പറഞ്ഞത്. ജൂൺമാസം 6-ാം തീയതി നടന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ മീറ്റിംഗിൽ വികസന ഫണ്ടിനത്തിൽ 30360 ബില്ലുകൾ പെൻഡിംഗാണെന്നാണ് പറയുന്നത്. അതായത് 656 കോടി രൂപയാണ്. മെയിന്റനൻസ് ഗ്രാന്റ് കൂടി ചേർത്താൽ 40855 ബില്ലുകൾ ട്രഷറിയിൽ പെൻഡിംഗാണ്. അതായത് 1135 കോടി രൂപ പെൻഡിംഗാണ്. പട്ടികജാതിക്കാർക്കുള്ള SCP പദ്ധതിയും പട്ടികവർഗ്ഗക്കാർക്കുള്ള TSP പദ്ധതിയും ഇതിലുണ്ട്. കഴിഞ്ഞ രണ്ടുമൂന്ന് വർഷമായി ഇവിടെ നടക്കുന്ന വളരെ പ്രധാനപ്പെട്ട വിഷയം എന്താണ്? 2021-22 വാർഷിക പദ്ധതി മുതൽ നൽകുവാനുള്ള ക്യാരി ഓവർ തുകകളും 2022-23 വർഷത്തെ മൂന്നാം ഗഡുവും 2023-2024 വർഷത്തെ മെയിന്റനൻസ് ഗ്രാന്റിന്റെ മൂന്നാം ഗഡുവും

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ചുകൊടുത്താൽ മാത്രമേ ഇത് ശരിയായ രീതിയിൽ വരികയുള്ളൂ. ഇത് ആർക്കാണ് അറിയാൻ പാടില്ലാത്തത്? 2023 മാർച്ചിൽ നൽകേണ്ട ബില്ലുകൾ നിങ്ങൾ കൊടുത്തത് കഴിഞ്ഞവർഷത്തെ പദ്ധതി തുകയിൽനിന്നാണ്. 80 ശതമാനം ചെലവാക്കണം ബാക്കി 20 ശതമാനമാണ് ക്യാരി ഓവർചെയ്യാൻ അനുവദിക്കുമെന്നാണ് പറഞ്ഞിരിക്കുന്നത്. 80 ശതമാനത്തിൽ താഴെയാണ് ചെലവാക്കുന്നതെങ്കിൽ ആ പണം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് പോകും. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് ഇതെങ്ങനെ ചെലവാക്കാൻ സാധിക്കും? ഉദാഹരണത്തിന് കഴിഞ്ഞ സാമ്പത്തികവർഷം ആദ്യത്തെ ഗഡു കൊടുത്തു. ആഗസ്റ്റിൽ കൊടുക്കേണ്ട രണ്ടാമത്തെ ഗഡു നവംബറിൽ കൊടുത്തു. നവംബറിൽ ഇത് കൊടുത്ത ഉടനെ ട്രഷറി ബാൻ വന്നപ്പോൾ ഈ ബിൽ ട്രഷറിയിൽ പാസ്സാകാൻ കഴിഞ്ഞില്ല. രണ്ടാമത്തെ ഗഡു കൊടുത്തത് വെറുതെയായില്ലേ? അലഭ്യലഭ്യശ്രീ എന്നൊരു യോഗമുണ്ട്. സംഭവം നമ്മുടെ കയ്യിലുണ്ട് അനുഭവിക്കാൻ യോഗമില്ല. ചിലരുടെ ജാതകത്തിലെ ആദ്യത്തെ പേജ് വായിക്കുമ്പോൾ അതിൽ രാജയോഗമുണ്ടെന്ന് കാണുമ്പോൾ

സന്തോഷമാകും. 4 പേജ് കൂടി വായിച്ചുകഴിയുമ്പോൾ പറയും അത് അനുഭവിക്കാൻ യോഗമുണ്ടാകില്ലെന്ന്. അതാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ രണ്ടാമത്തെ ഗഡുവിന്റെ സ്ഥിതി. പണം കൊടുത്തിട്ട് പിറ്റേ ആഴ്ച ട്രഷറി ബാൻ ഉണ്ടാകുകയാണ്. ആദ്യം 5 ലക്ഷം രൂപയ്ക്കു മുകളിൽ വരുന്ന ബിൽ മാറ്റാൻ കഴിയില്ലെന്നായിരുന്നു. കുറച്ചുദിവസം കൂടി കഴിഞ്ഞപ്പോൾ ഒരു ലക്ഷത്തിന് മീതെയുള്ള ബിൽ മാറാൻ കഴിയില്ലെന്ന സ്ഥിതിയിലായി. പഞ്ചായത്തിൽ പുല്ല് വെട്ടിക്കഴിഞ്ഞാൽ അതിന്റെ പണംപോലും കൊടുക്കാൻ കഴിയാത്ത സ്ഥിതിയായിരുന്നു. മാർച്ച് 23-ാം തീയതി മൂന്നാമത്തെ ഗഡു കൊടുത്തു. എന്നാൽ മാർച്ച് 22-ാം തീയതി, അതായത് തലേദിവസം തന്നെ എല്ലാ ട്രഷറിയും പൂട്ടി. പണ്ടൊക്കെ മാർച്ച് 31-ാം തീയതി അർദ്ധരാത്രിയും പിറ്റേദിവസം വെളുപ്പാൻകാലം വരെ ട്രഷറി വർക്ക് ചെയ്യും. ഈ സർക്കാരിന്റെ ഗുണംകൊണ്ട് മാർച്ച് 22-ാം തീയതി അതായത് എട്ട് ദിവസം മുമ്പ് കേരളത്തിലെ ഒട്ടുമിക്ക ട്രഷറിയും പൂട്ടി. 23-ാം തീയതിയാണ് 3-ാമത്തെ ഗഡുകൊടുക്കുന്നത്. പഞ്ചായത്ത് സെക്രട്ടറിയും പഞ്ചായത്ത് പ്രസിഡന്റും മുനിസിപ്പൽ ചെയർമാനുമൊക്കെ അത് പ്രതീക്ഷിച്ചിരിക്കുകയാണ്. പണം

കിട്ടി, പക്ഷേ ട്രഷറി പൂട്ടി. എന്താണ് നിങ്ങൾ കാണിച്ചത്? നിങ്ങൾ ആരെയാണ് ഇങ്ങനെ പരിഹസിച്ചത്? എന്നിട്ട് 80 ശതമാനം ചെലവാക്കണമെന്നാണ് പറയുന്നത്. എങ്ങനെ 80 ശതമാനം ചെലവാക്കാൻ സാധിക്കും? ആദ്യത്തെ ഗഡു അങ്ങനെ പോയി, പ്രശ്നമില്ല. രണ്ടാമത്തെ ഗഡു വന്നപ്പോൾ അലഭ്യലഭ്യശ്രീ പ്രശ്നമായി. മൂന്നാമത്തെ ഗഡു വന്നപ്പോൾ ട്രഷറി പൂട്ടി. 80 ശതമാനം തുക ചെലവാക്കിയില്ലെങ്കിൽ നഷ്ടപ്പെടുമെന്ന് പറഞ്ഞു. ഇപ്പോൾ നഷ്ടപ്പെട്ടു. ഇരുപത് ശതമാനമാണ് ക്യാരി ഓവറുള്ളത്. 2021-22 മുതൽ ക്യാരി ഓവർ കൊടുത്തിട്ടുണ്ടോ? ഈ വർഷത്തെ പദ്ധതിയിൽനിന്നെടുക്കണമെന്നാണ് കഴിഞ്ഞ വർഷത്തെ ക്യാരി ഓവർ സംബന്ധിച്ച് പറയുന്നത്. അങ്ങനെ വരുമ്പോൾ ഈ വർഷത്തെ പദ്ധതിയുടെ കാര്യത്തിൽ ഒരു തീരുമാനമായല്ലോ. വാർഷിക പദ്ധതിയുണ്ടാക്കുകയും അതിനായി തയ്യാറെടുപ്പ് നടത്തുകയും ചെയ്ത്, ആ പ്ലാൻ ഡോക്യുമെന്റുമായി നോക്കിയിരിക്കേണ്ട ഗതികേടിലാണ് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും. നിങ്ങളക്കാര്യം മനസ്സിലാക്കണം. നിങ്ങൾ വലിയ കണക്കൊക്കെ പറഞ്ഞു. പല മന്ത്രിമാരും കണക്കുകൾ പറയുമ്പോൾ 2011-16-

ലെയും ഇപ്പോഴത്തെയും കണക്ക് പറയും. ഇനി മുതൽ അങ്ങനെ പറയുമ്പോൾ 2006 മുതൽ 2011 വരെയുള്ള വി. എസ്. അച്യുതാനന്ദൻ ഗവൺമെന്റിന്റെ സമയത്തെ കണക്കുകൂടി പറയണം. ഇതോടൊപ്പം ഇ.എം.എസ്. സർക്കാരിന്റെ സമയത്തെ കണക്കുകൂടി കൊണ്ടുവരുകയാണ്. പെൻഷൻ കൊടുത്തപ്പോഴും നിങ്ങൾ പലതും പറഞ്ഞു. അന്ന് പെൻഷൻ നൂറ് രൂപ പോലുമുണ്ടായിരുന്നില്ലെന്ന്. ഓരോ കാലത്തും നമ്മുടെ ഇക്കോണമി ഡെവലപ് ചെയ്യുമ്പോൾ, കറൻസിയുടെ മൂല്യം വ്യതിയാനങ്ങൾക്കനുസരിച്ച് തുകയിൽ വ്യത്യാസം വരും. അന്നത്തെയും ഇന്നത്തെയും തുകകൾ പറയുന്നത് ഒരു തന്ത്രമാണ്, കൗശലമാണ്. പാവങ്ങൾ ഇത് കേട്ട് ഒന്നുമറിയാതെ കൈയടിക്കും. നമ്മുടെ ഗവൺമെന്റ് വന്നപ്പോൾ തുക കൂടിയല്ലോ എന്ന സന്തോഷത്തിലും ഇത് പ്രതിപക്ഷത്തിന് ചുട്ടമറുപടിയായെന്നുമുള്ള വിചാരത്തിലാണ് നിങ്ങൾ കൈയടിക്കുന്നത്. 2006-11-ലെ കണക്കുകൂടി ഇവിടെ പറയണം. അപ്പോൾ തലയിൽ കൈ വയ്ക്കും. അതാണ് ഇ.എം.എസ്.-ന്റെ കാലത്തുള്ള കണക്കുകൂടി കൊണ്ടുവരണമെന്ന് ഞാൻ പറഞ്ഞത്. അങ്ങനെ വരുമ്പോൾ ഇപ്പോഴത്തെ തുകയിൽ നല്ല വ്യത്യാസമായിരിക്കുമുണ്ടാകുക. അതുമായി ഒന്ന്

താരതമ്യപ്പെടുത്തണം. അങ്ങനെയാണ് ഫിനാൻസ് കമ്മീഷൻ സംബന്ധിച്ച് 56,700 കോടി രൂപയുടെ കണക്ക് പറയുന്നത്. ഇവർ പത്താം ധനകാര്യ കമ്മീഷന്റെ അവാർഡും പതിനഞ്ചാം ധനകാര്യ കമ്മീഷൻ അവാർഡും തമ്മിലാണ് താരതമ്യപ്പെടുത്തുന്നത്. പത്താം ധനകാര്യ കമ്മീഷൻ നിലവിൽ വന്നത് 1995-ലാണ്.

തദ്ദേശസ്വയംഭരണ-എക്സൈസ്-പാലർമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ധനകാര്യ കമ്മീഷൻ കേരളത്തോട് ഒരു അന്യായവും കാണിച്ചിട്ടില്ല എന്ന നിലയിലേയ്ക്കാണ് അങ്ങ് വാദിച്ചുവരുന്നത്. ഡിവിസിബിൾ പൂളിൽനിന്നുള്ള ടാക്സ് ഡെവൊല്യൂഷന്റെ അനുപാതം 3.96-ൽനിന്ന് 1.925 ആയി വെട്ടിക്കുറച്ചല്ലോ. അതുപോലും അങ്ങിപ്പോൾ അംഗീകരിക്കുന്നില്ല.

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട അങ്ങ് ശ്രദ്ധിക്കണം. ഫിനാൻസ് കമ്മീഷനെക്കുറിച്ച് ഞാൻ ഒറ്റ വാക്യമേ പറഞ്ഞുള്ളൂ, അതിലേയ്ക്ക് ഞാൻ വരുന്നേയുള്ളൂ. ഇതെല്ലാം ഇവരുടെ ബുദ്ധിയും കൗശലവുമാണ്, നമ്മളെ കളിപ്പിക്കുകയാണ്. പത്താം ധനകാര്യ കമ്മീഷനും പതിനഞ്ചാം ധനകാര്യ

കമ്മീഷനും തമ്മിൽ താരതമ്യപ്പെടുത്തി, കോടാനുകോടി രൂപയുടെ വ്യത്യാസമുണ്ടെന്ന് പറയുന്നു. എങ്ങനെയാണ് ഈ വ്യത്യാസം വരുന്നത്? നിങ്ങൾ പതിനാലാം ധനകാര്യ കമ്മീഷനെയും പതിനഞ്ചാം ധനകാര്യ കമ്മീഷനെയും തമ്മിൽ താരതമ്യം ചെയ്യണം. പതിനാലാം ധനകാര്യ കമ്മീഷൻ നികുതി വിഹിതം 2.5 ശതമാനം നൽകിയപ്പോൾ പതിനഞ്ചാം ധനകാര്യ കമ്മീഷൻ 1.92 ശതമാനം മാത്രമേ നൽകിയുള്ളൂ. ഡിവിസിബിൾ പൂളിൽനിന്ന് അത്രയും കുറവ് വന്നു. ഞങ്ങൾ ആ കാര്യത്തിൽ സ്ട്രോങ് ആണ്. ഫിനാൻസ് കമ്മീഷൻ അതിന്റെ മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിക്കണമെന്ന കാര്യത്തിൽ ദേശീയ തലത്തിൽ ഞങ്ങൾ ഉറച്ച നിലപാടെടുത്തിട്ടുണ്ട്. പക്ഷേ ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ കാര്യങ്ങൾ കേട്ടാൽ നിങ്ങൾ ഞെട്ടിപ്പോകും. ജി.എസ്.ടി. കോമ്പൻസേഷന്റെ കാര്യത്തിൽ കേന്ദ്ര ഗവൺമെന്റ് അവഗണന കാണിച്ചെന്നാണ് പറയുന്നത്. ജി.എസ്.ടി. കോമ്പൻസേഷൻ എന്താണ്? ജി.എസ്.ടി. നടപ്പാക്കുകയാണെന്ന് പറഞ്ഞ് പാർലമെന്റ് ഒരു നിയമം പാസാക്കി. ജി.എസ്.ടി നടപ്പാക്കുമ്പോൾ സംസ്ഥാനങ്ങൾക്ക് നികുതി വരുമാനത്തിലും വളർച്ചയിലും നിരക്കിലും

വ്യത്യാസം വന്നാൽ അതിന്റെ നഷ്ടപരിഹാരം അഞ്ച് വർഷത്തേയ്ക്ക് കേന്ദ്ര ഗവൺമെന്റ് നൽകും. പതിനാല് ശതമാനമായിരുന്നു റവന്യൂ ന്യൂട്രൽ റേറ്റ്. അതിൽ കുറഞ്ഞാൽ കേന്ദ്ര ഗവൺമെന്റ് ജി.എസ്.ടി. കോമ്പൻസേഷൻ നൽകും. അഞ്ച് വർഷവും സർക്കാർ ജി.എസ്.ടി. കോമ്പൻസേഷൻ വാങ്ങി. ആറാമത്തെ വർഷംകൂടി ജി.എസ്.ടി. കോമ്പൻസേഷൻ ലഭിക്കുമായിരുന്നെങ്കിൽ പന്ത്രണ്ടായിരം കോടി രൂപ ലഭിക്കുമായിരുന്നുവെന്നാണ് ഇപ്പോൾ പറയുന്നത്. ഇത് എവിടുത്തെ കണക്കാണ്? വാറ്റ് നിയമവും അങ്ങനെതന്നെയായിരുന്നു. ഞങ്ങളുടെ ഗവൺമെന്റ് അധികാരത്തിലിരുന്നപ്പോൾ വാറ്റിന്റെ കോമ്പൻസേഷൻ കിട്ടിയിട്ടുണ്ട്. അഞ്ച് വർഷത്തെ ജി.എസ്.ടി. കോമ്പൻസേഷന്റെ മുഴുവൻ തുകയും ഈ ഗവൺമെന്റ് വാങ്ങി. ഇനി ഒരു രൂപപോലും ആയിനത്തിൽ കിട്ടാനില്ല. എന്നിട്ട് പുതിയൊരു കണക്കാണ് പറയുന്നത്. ഇന്ത്യയിൽ ഏതെങ്കിലും സംസ്ഥാനത്തിന് ആറാമത്തെ വർഷം ജി.എസ്.ടി. കോമ്പൻസേഷൻ കൊടുത്തിട്ടുണ്ടോ? കേന്ദ്ര ഗവൺമെന്റ് വിചാരിച്ചാൽ അങ്ങനെ കൊടുക്കാൻ കഴിയുമോ? അഞ്ച് വർഷത്തേയ്ക്ക് കോമ്പൻസേഷൻ

നൽകുമെന്നുള്ളത് ജി.എസ്.ടി. ആക്ടിലെ വ്യവസ്ഥയാണ്. ആറാമത്തെ വർഷം കോമ്പൻസേഷൻ കിട്ടുമായിരുന്നെങ്കിൽ 12000 കോടി രൂപ ലഭിക്കുന്നമായിരുന്നുവെന്ന് പറയുന്നത് എന്ത് കണക്കാണ്? റവന്യൂ ഡെഫിസിറ്റ് ഗ്രാന്റെല്ലാം ഒന്നാം പിണറായി വിജയൻ സർക്കാർ അനുഭവിച്ച ആനുകൂല്യങ്ങളാണ്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് കിട്ടിയ സംസ്ഥാനം കേരളമാണ്. 53,137 കോടി രൂപയാണ് റവന്യൂ ഡെഫിസിറ്റ് ഗ്രാന്റായി ലഭിച്ചത്. അത് കേന്ദ്രം അഞ്ച് വർഷത്തേയ്ക്ക് ഡിവൈഡ് ചെയ്ത് കൊടുത്തു. ആദ്യത്തെ വർഷം 15,323 കോടി രൂപ, രണ്ടാമത്തെ വർഷം 19,891 കോടി രൂപ, മൂന്നാമത്തെ വർഷം 13,174 കോടി രൂപ, നാലാമത്തെ വർഷം 4,749 കോടി രൂപ എന്ന നിലയിലാണ് ഡിവൈഡ് ചെയ്ത് കൊടുത്തത്. 2022-23 വർഷത്തിൽ 13,174 കോടി രൂപ ലഭിച്ചു, അടുത്ത വർഷം 4749 കോടി രൂപയേ ലഭിച്ചുള്ളൂ, അതുകൊണ്ട് 9000 കോടി രൂപയുടെ കുറവുണ്ടെന്നാണ് ഇവർ പറയുന്നത്. മൊത്തം തുകയെ ഡിവൈഡ് ചെയ്താണ് കൊടുത്തത്. ആദ്യത്തെ മൂന്ന് വർഷങ്ങളിൽ വലിയ തുകയാണ് ലഭിച്ചത്. പിന്നീട് 53,000 കോടി രൂപയിലെത്താൻ നാലായിരം കോടി രൂപയുടെ കുറവ്

മാത്രമുള്ള സമയത്ത്, 9000 കോടി രൂപയുടെ കുറവുണ്ടെന്ന് നിങ്ങൾ പറയുകയാണ്. നിങ്ങൾ ആളുകളെ കളിപ്പിക്കുകയും പരിഹസിക്കുകയും ചെയ്യുന്നതുപോലെ കണക്ക് വച്ചുള്ള കള്ളത്തരമാണ് 56,700 കോടി രൂപയുടേതും. ഞങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ വക്കാലത്തെടുത്തിട്ടില്ല. ഈ പച്ചക്കള്ളം നിങ്ങൾ പറയുമ്പോൾ അതേറ്റുപിടിക്കാൻ വേറെയാളെ നോക്കിയാൽ മതി, ഞങ്ങളെ കിട്ടില്ല. പച്ചക്കള്ളമാണ് നിങ്ങൾ പറയുന്നത്.

ശ്രീ. എം. ബി. രാജേഷ്: സർ, ...........(മൈക്ക് ഓഫ്) ...........

Shri V. D. Satheesan: Sir, I am not yielding, let me complete my point.

Mr. Speaker: Ok..... ok..... Minister, he is not ready to yield.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ കേരളത്തിലെ ലോക്കൽ ബോഡിയെക്കുറിച്ചാണ് പറയുന്നത്. 2019-20-ൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയ പ്ലാൻ ഫണ്ട് 7,209 കോടി രൂപയായിരുന്നു. അഞ്ച് വർഷം കഴിഞ്ഞപ്പോൾ, 2023-24-ൽ 7,460 കോടി രൂപയാണ് നൽകിയത്. അഞ്ച് വർഷം കൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക്

കൊടുത്തിരിക്കുന്ന പ്ലാൻ ഫണ്ടിന്റെ വ്യത്യാസം 250 കോടി രൂപയാണ്. എല്ലാ സംസ്ഥാനങ്ങളിലും എല്ലാ വർഷവും പ്ലാൻ ഇനത്തിൽ പത്ത് ശതമാനത്തിനും ഇരുപത് ശതമാനത്തിനുമിടയിൽ വർദ്ധനയുണ്ടാകും. അഞ്ച് വർഷംകൊണ്ട് നൂറ് ശതമാനത്തിന്റെ വർദ്ധനവ് പ്ലാൻ ഔട്ട്ലേയിലുണ്ടാകും. ധനകാര്യ വകുപ്പുമന്ത്രി ഇവിടെയില്ല. കേരളത്തിലെ സ്ഥിതിയെന്താണ്? ഇന്ത്യയിൽ കേരളത്തിൽ മാത്രം പ്ലാൻ ഔട്ട്ലേ കൂടുകയല്ല, കുറയുകയാണ് ചെയ്യുന്നത്. ടോട്ടൽ പ്ലാൻ ഔട്ട്ലേ ഓരോ വർഷം കഴിയുമ്പോഴും കുറയുകയാണ്. എന്തൊരു മായാജാലമാണിത്. ഇവിടെ ഇക്കോണമി വലുതാകുന്നുണ്ടോ? ഇക്കോണമി തകരുകയാണ്, താഴോട്ടുപോകുകയാണ് ചെയ്യുന്നത്. കാരണമെന്താണ്? നിങ്ങൾ ലെഫ്റ്റല്ല, ഇടതുപക്ഷക്കാരല്ല. നിങ്ങൾ റൈറ്റ് എക്സ്ട്രീമാണ്, തീവ്ര വലതുപക്ഷ വ്യതിയാനമാണ് നിങ്ങളിലുള്ളത്. ഇതിന് കാരണമെന്താണ്; കേന്ദ്ര ഗവൺമെന്റിന്റെ/നരേന്ദ്ര മോദി ഗവൺമെന്റിന്റെ ലൈനെന്താണ്? പ്ലാനിംഗ് കമ്മീഷനെയെല്ലാം പിരിച്ചുവിട്ട് അവരുടെ സൗകര്യത്തിനാണ് കാര്യങ്ങൾ ചെയ്യുന്നത്. പ്ലാൻ വേണ്ട. പ്ലാനിന്റെ നേട്ടമെന്താണ്? പ്ലാനിൽ പ്രയോറിറ്റിയുണ്ട്. നിങ്ങളുടെ സർക്കാരിനെക്കുറിച്ച് ഞാനെപ്പോഴും

ആവർത്തിക്കുന്ന ആരോപണം വീണ്ടും പറയുകയാണ്, നിങ്ങൾക്ക് പ്രയോറിറ്റിയില്ല. പ്ലാൻ വരുമ്പോൾ പ്രയോറിറ്റിയുണ്ടാകണം. പട്ടികജാതിക്കാർക്ക് പത്ത് ശതമാനവും പട്ടികവർഗ്ഗക്കാർക്ക് രണ്ട് ശതമാനവും പ്രയോറിറ്റിയുണ്ടാകണം. പിന്നാക്ക ജനവിഭാഗങ്ങൾ, പിന്നാക്കം നിൽക്കുന്ന പ്രദേശങ്ങൾ, മത്സ്യത്തൊഴിലാളി മേഖല തുടങ്ങിയ മേഖലകളിലെല്ലാം എപ്പോഴും ഒരു പ്രയോറിറ്റിയുണ്ട്. ഇവർ പ്ലാനിൽനിന്ന് നേരെ കിഫ്ബിയിലേയ്ക്ക് ചാടി. കിഫ്ബിയിൽ എസ്.സി./എസ്.ടി., പിന്നാക്ക ജനവിഭാഗങ്ങൾക്ക് പ്രയോറിറ്റിയുണ്ടോ? കിഫ്ബിയിൽ എന്താണ് പ്രയോറിറ്റിയുള്ളത്? പ്ലാനിൽനിന്ന് പ്രോജക്ടിലേയ്ക്കുള്ള പോക്കാണ്. കേരളത്തിൽ നിങ്ങൾ പ്ലാനിനെ തകർത്ത് തരിപ്പണമാക്കി. തുക വകയിരുത്തുന്നതിൽ അനീതിയുണ്ട്. അങ്ങനെ വകയിരുത്തുന്ന കുറച്ച് തുകതന്നെ യഥാസമയം നൽകാതിരിക്കുന്നത് ചെറിയ അനീതിയല്ല, കൊടിയ അനീതിയാണ്. ചെലവഴിച്ച തുകയെക്കുറിച്ചുള്ള കണക്ക് എന്റെ കൈവശമുണ്ട്. 2017-18-ൽ ചെലവാക്കിയത് 5,292 കോടി രൂപയാണ്.

<u>മി. സ്പീക്കർ</u>: പ്ലീസ്..... പ്ലീസ്.....

ശ്രീ. വി. ഡി. സതീശൻ: സർ, അദ്ദേഹം മുപ്പത് മിനിറ്റ് സംസാരിച്ചു. എനിക്ക് മറുപടി പറയേണ്ടതില്ലേ?

മി. സ്പീക്കർ: സാധാരണഗതിയിലുള്ള വാക്കൗട്ട് പ്രസംഗത്തിന്റെ സമയപരിധി ക്രോസ് ചെയ്തു.

ശ്രീ. വി. ഡി. സതീശൻ: സർ, ഇതെല്ലാം റെക്കോർഡ് ചെയ്യുന്നതാണ്. അതെല്ലാം സഭാരേഖയിലുണ്ടാകണം. വെറുതെ പറയാൻ പാടില്ലല്ലോ. 2023-24 ആയപ്പോൾ 5,292 കോടി രൂപയെന്നുപറഞ്ഞാൽ ചെലവ് എത്രയായി? നാൽപ്പത്തിമൂന്ന് കോടി രൂപ കൂടുതലായി. അഞ്ച് വർഷംകൊണ്ട് പതിനായിരം കോടി രൂപയാകേണ്ടതാണ്. പ്ലാൻ എക്സ്പെൻഡിച്ചർ അയ്യായിരം കോടി രൂപയിൽനിന്ന് പതിനായിരം കോടി രൂപയാകേണ്ട സ്ഥാനത്ത്, വർദ്ധിച്ചത് നാൽപ്പത്തിമൂന്ന് കോടി രൂപയാണ്. ക്യാരി ഓവർ കിട്ടാത്തതുകൊണ്ട് വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത ഭൂരിഭാഗം പദ്ധതികളും നടപ്പാക്കാൻ കഴിയുന്നില്ല. ജനറൽ പർപ്പസ് ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ് എന്നിവ കൃത്യമായി കൊടുക്കുന്നില്ല. പട്ടികജാതിക്കാരുടെയും പട്ടികവർഗ്ഗക്കാരുടെയും SCP (Special Component Plan), TSP (Tribal Sub Plan) എന്നിവ

കൃത്യമായി നടപ്പാക്കാൻ കഴിയുന്നില്ല. ക്യാരി ഓവർ പദ്ധതി പൊളിച്ചു. ഇതുസംബന്ധിച്ചെല്ലാം നിങ്ങൾക്കെല്ലാമറിയാമല്ലോ. പഞ്ചായത്ത് മെമ്പർമാരായിരുന്നവരുൾപ്പെടെയുള്ളവർ ഈ സഭയിലുള്ളതല്ലേ. ആ കാലത്തൊക്കെ ഉണ്ടായിരുന്ന സ്ഥിതിയാണോ ഇപ്പോഴുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഏതെങ്കിലുമൊരു വർക്ക് ചെയ്യാൻ കഴിയുന്നുണ്ടോ? ഇപ്പോൾ ചെയ്ത കാര്യം പറയുകയാണ്. നിലവിലെ പ്ലാൻസ്പേസിൽ 8,532 കോടി രൂപയാണ് ടോട്ടൽ പ്ലാൻ ഔട്ട്‌ലേ. എഴുതിവച്ചിരിക്കുന്ന തുകയാണിത്. ഇന്നത്തെ എക്സ്പെൻഡിച്ചർ പ്രോഗ്രസ് സീറോയാണ്. ഏപ്രിൽ, മേയ്, ജൂൺ മാസമാകുമ്പോൾ ആദ്യത്തെ ക്വാർട്ടർ തീരാൻപോകുകയാണ്. ജൂൺ 30-ാം തീയതിയായാൽ ആദ്യത്തെ ക്വാർട്ടർ തീരും. ആദ്യത്തെ ക്വാർട്ടറിലുള്ള പ്ലാൻ എക്സ്പെൻഡിച്ചർ വട്ടപ്പൂജ്യമാണ്. ഇത്ര പരമ ദയനീയമായ സ്ഥിതിയാണുള്ളത്. അതുകൊണ്ടാണ്, നിങ്ങളുടെ ഫിനാൻഷ്യൽ മിസ്‌മാനേജ്മെന്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ കഴുത്ത് ഞെരിച്ച് കൊല്ലുന്നുവെന്ന് ശ്രീ. ടി. സിദ്ദിഖ് വളരെ കൃത്യമായി ഇവിടെ പറഞ്ഞത്. കേന്ദ്രത്തിൽനിന്ന് യഥാർത്ഥത്തിൽ കിട്ടാനുള്ള വിഹിതത്തിനായി

നമുക്ക് ഒരുമിച്ച് നിൽക്കാം, അതിനൊന്നും പ്രശ്നമില്ല. കള്ളക്കണക്ക് പറഞ്ഞാൽ അതിനോടൊപ്പം നിൽക്കാൻ ഞങ്ങളില്ല. പ്രാദേശിക വികസനം വഴിമുട്ടിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ മുക്കിക്കൊല്ലാൻ ശ്രമിക്കുന്ന സർക്കാരിന്റെ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ഡോ. എം. കെ. മുനീർ: സർ, 24 മുനിസിപ്പാലിറ്റികൾക്ക് കഴിഞ്ഞ സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ വിഹിതമായ ധനകാര്യ കമ്മീഷൻ ഗ്രാന്റ് തടഞ്ഞിരുന്നുവെന്നുള്ളത് ശരിയാണ്. അത് 2024-25 വർഷത്തെ പ്രത്യേക വിഹിതമായി ലഭിക്കുന്നതിനുവേണ്ടി നമുക്ക് ഒരുമിച്ച് പോരാടം; അതിൽ യാതൊരു സംശയവുമില്ല. അതേസമയം, നമ്മൾ ചില വസ്തുതകൾ മനസ്സിലാക്കണം. ഞങ്ങളുടെ കാലഘട്ടത്തിലെ ഗവൺമെന്റിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അതിന് മുൻപുള്ള കാലം എന്തായിരുന്നു? അതിന് മുൻപുള്ള കാലത്ത് മാർച്ച് 31-ാം തീയതി പെട്ടിഓട്ടോയിൽ പ്രോജക്ടുകളൊക്കെയായി എല്ലാ ട്രഷറിയുടെയും മുന്നിൽ വന്ന് നിൽക്കുന്ന ഒരു

സാഹചര്യം ഇല്ലാതാക്കിയത് ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് വന്നതിനുശേഷമാണ്. പഞ്ചവത്സര പദ്ധതിയായി അത് നടപ്പാക്കാനുള്ള തീരുമാനമെടുത്ത ഗവൺമെന്റാണത്. ഞങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ തകർക്കാനല്ല, നന്നാക്കിക്കൊണ്ടുവരാനാണ് ശ്രമിച്ചത്. മുൻവർഷത്തെ അപേക്ഷിച്ച് എക്സ്പെൻഡിച്ചർ വർദ്ധിക്കാനുള്ള കാരണം പദ്ധതികൾ കഴിയുമ്പോൾ അവർക്ക് ഗഡുക്കൾ ലഭിക്കുന്ന സാഹചര്യമുള്ളതുകൊണ്ട് പദ്ധതി വിഹിതം ഉപയോഗിക്കാൻ സാധിക്കുമായിരുന്നു എന്നതാണ്. ഇപ്പോഴത്തെ സ്ഥിതിയെന്താണ്? ബജറ്റ് വിഹിതം ചെലവഴിക്കാൻ സാധിക്കുന്നില്ല. 2023-24 സാമ്പത്തിക വർഷം ഏറ്റവും കുറഞ്ഞ് 71.40 ശതമാനമായിരുന്നു ചെലവ്. മുൻ വർഷങ്ങളിൽ അത് 85 ശതമാനം ഉണ്ടായിരുന്നു. മെയിന്റനൻസ് ഗ്രാന്റ് ഒഴികെയുള്ള ചെലവിന്റെ ശതമാനമാണിത്. അതുംകൂടി കൂട്ടിക്കഴിഞ്ഞാൽ ശതമാനം എത്രയാണെന്ന് ആലോചിച്ചുനോക്കണം. സാധാരണ 31-ാം തീയതി അർദ്ധരാത്രി വരെ ട്രഷറി ബിൽ കിട്ടും. എന്നാൽ 2023 ഒക്ടോബറിൽ സർക്കാർ ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയില്ലേ? ഒരു ലക്ഷം രൂപ വരെയുള്ള ബില്ലുകൾ മാത്രം അനുവദിച്ചു.

അഞ്ച് ലക്ഷം രൂപയ്ക്കുമുകളിലുള്ള ബില്ലുകൾ സ്വീകരിച്ചതുപോലുമില്ല. അഞ്ച് ലക്ഷം രൂപ വരെയുള്ള ബില്ലുകൾ സ്വീകരിച്ചെങ്കിലും വളരെ വൈകി മാത്രം പണം നൽകുകയും അവസാന മാസങ്ങളിലെ ഇത്തരം ബില്ലുകൾ മാർച്ച് മാസത്തിനുശേഷം കൂട്ടത്തോടുകൂടി തിരിച്ച് നൽകുകയും ചെയ്യുന്ന സാഹചര്യമുണ്ടായി. ഇപ്പോൾ എന്താണ് ചെയ്യുക? പുതിയ പദ്ധതി പ്രകാരം കഴിഞ്ഞ പദ്ധതിയുടെകൂടി പണം ഇതിൽ ഉൾപ്പെടുത്തുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ പുതിയ വർഷത്തെ പദ്ധതികളൊന്നും നടപ്പിലാക്കാൻ പറ്റാത്ത സാഹചര്യം വരികയാണ്. അല്ലെങ്കിൽതന്നെ പദ്ധതി വിഹിതം വന്നുകഴിഞ്ഞാലും ലൈഫ് പദ്ധതി, ആരോഗ്യ പദ്ധതി, ഹരിത കേരളം പദ്ധതി പോലുള്ള സർക്കാർ പദ്ധതികൾക്കുവേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിഹിതം കൊടുക്കേണ്ടിവരും. ഇങ്ങനെ പണം നൽകിയിട്ട്, അപ്പോൾതന്നെ ഇത്തരം പദ്ധതികൾക്കുവേണ്ടി സർക്കാർ തിരികെ വാങ്ങുകയും ചെയ്യുന്നുണ്ട്. വീട്നിർമ്മാണ പദ്ധതിയെങ്കിലും പഞ്ചായത്തുകൾക്ക് കൊടുത്തിരുന്നുവെങ്കിൽ അവർ കുറേയധികം വീടുകൾ നിർമ്മിക്കുമായിരുന്നു. ആ പഞ്ചായത്തുകളുടെ

അധികാരം പിടിച്ചുവാങ്ങി അവരുടെ പണം തിരിച്ചുവാങ്ങി പദ്ധതിയായി നടപ്പിലാക്കുന്നതിനുപകരം.., പഞ്ചായത്തിന്റെ അധികാരമാണ് വീടുകളുണ്ടാക്കുക എന്നുള്ളത്. ആ അധികാരം തിരിച്ച് കൊടുക്കണം. ഇതെല്ലാം വളരെ കൃത്യമായി പ്രതിപക്ഷനേതാവ് പറഞ്ഞതുകൊണ്ട് ഞാൻ അക്കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. 2023-24 സാമ്പത്തിക വർഷത്തെ മെയിന്റനൻസ് ഗ്രാന്റിന്റെയും ജനറൽ പർപ്പസ് ഗ്രാന്റിന്റെയും അവസാന ഗഡുക്കൾ പൂർണ്ണമായും 2024-25 സാമ്പത്തിക വർഷത്തിൽ പ്രത്യേക വിഹിതമായി അനുവദിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കണം. ഇത്തരത്തിലുള്ള ആവശ്യങ്ങളെങ്കിലും സർക്കാർ പരിഗണിക്കേണ്ടതായിരുന്നു. അതിനുപകരം കഴിഞ്ഞ ഗവൺമെന്റ് അത് ചെയ്തില്ല എന്നൊക്കെ പറയുകയാണ്. അസിസ്റ്റന്റ് സെക്രട്ടറി എന്നുള്ള ഒരു തസ്തിക വരെ ഉണ്ടാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ വികേന്ദ്രീകരിച്ച് പ്രവർത്തിക്കാൻ സാഹചര്യമൊരുക്കിയ ഒരു ഗവൺമെന്റിനെയാണ് എൽ.ഡി.എഫ്. കുറ്റപ്പെടുത്തുന്നത്. നിലവിലെ സർക്കാരിന്റെ പരാധീനതകൾ മറച്ചുവയ്ക്കാൻ മറ്റുള്ളവരെ നോക്കി കൊഞ്ഞനംകുത്തിയിട്ട് കാര്യമില്ല. അതിന് മുൻപ്

സംഭവിച്ചതെന്താണം അതിന് ശേഷം സംഭവിച്ചതെന്താണ് എന്നുള്ളതും സംബന്ധിച്ച് നമുക്ക് ഒരു ചർച്ചയാകാമായിരുന്നു. അത് നടത്താത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രതിസന്ധിയിലായി എന്ന വസ്തുതയെങ്കിലും അംഗീകരിച്ച് ചർച്ച നടത്താൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവും സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ട പദ്ധതി വിഹിതം നൽകാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അസ്ഥിരപ്പെടുത്തുന്ന സമീപനമാണ് ഗവൺമെന്റ് ഇവിടെ സ്വീകരിച്ചിരിക്കുന്നത്. 2021-22 സാമ്പത്തിക വർഷം മുതലുള്ള സ്പിൽഓവർ

തുക ഇതുവരെ ലഭിക്കുന്നില്ല എന്നത് ഗവൺമെന്റ് ഗൗരവമായിതന്നെ കാണണം. സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി തസ്തികകൾ പൂർണ്ണമായും ഒഴിഞ്ഞുകിടക്കുകയാണ്. അഡ്മിനിസ്ട്രേറ്റീവ് രംഗവും താറുമാറായി കിടക്കുന്ന സാഹചര്യമാണ് ഇന്ന് കേരളത്തിലെ ഭൂരിഭാഗം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലുമുള്ളത്. ഇത് പലപ്രാവശ്യം വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ള വിഷയമാണ്. അതടക്കമുള്ള കാര്യങ്ങളിൽ അടിയന്തരമായി ഇടപെടാൻ ഗവൺമെന്റ് തയ്യാറാകണം. ട്രഷറി പൂട്ടിയിട്ട് മൂന്നാം ഗഡു നൽകി പഞ്ചായത്തുകളുടെ കൈകൾ കെട്ടിയിട്ടിരിക്കുന്ന ഒരു സമീപനമാണ് ഗവൺമെന്റ് ഇവിടെ സ്വീകരിച്ചിരിക്കുന്നത്. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി.)

<u>ശ്രീമതി കെ. കെ. രമ</u>: സർ, പ്രാദേശിക സർക്കാരുകളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ. ഫണ്ട് വിഹിതം ലഭിക്കാത്തതുകൊണ്ടും ജീവനക്കാരില്ലാത്തതുകൊണ്ടും ഇവ വലിയ പ്രയാസം നേരിടുകയാണ്. കഴിഞ്ഞ

സാമ്പത്തിക വർഷം മാർച്ച് 23-ാം തീയതി ബിൽ സമർപ്പിച്ചു, പക്ഷെ പണമില്ല, മാർച്ച് 31-ന് തരുമെന്ന് പറഞ്ഞു, ഞങ്ങളൊക്കെ ഫണ്ട് ലഭിക്കാതെ ട്രഷറികളിൽ രാത്രിവരെ കുത്തിയിരിപ്പായിരുന്നു. ഫണ്ട് മാർച്ച് 31-നും ലഭിച്ചില്ല, അത് അടുത്ത സാമ്പത്തിക വർഷത്തേയ്ക്ക് കിട്ടാത്ത ഒരു സാഹചര്യമുണ്ട്. അതുപോലെ പലയിടത്തും അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസീയർമാർ എന്നിവരില്ലാത്തതിനാൽ എം.എൽ.എ. വർക്കുകളുൾപ്പെടെ മുന്നോട്ടുകൊണ്ടുപോകാൻ കഴിയാത്ത സാഹചര്യമുണ്ട്. ഇത്തരം ഗുരുതരമായ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീമതി കെ. കെ. രമ സഭ വിട്ട് പുറത്തുപോയി.)

(സഭ വിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)